കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കല്ലറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1613/2017 കേരളസം സ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 07.08.2017.

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ലറ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: കല്ലറ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ട തുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1613/2017 തീയതി: 07.08.2017

<u>തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.11.2016 മുതൽ 21.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

*(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>*

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.07.2017 മുതൽ 31.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മുഹമ്മദ് സലിം.എ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശാലിനി.വി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അരുൺ ദേവ് .വി.ആർ,ഓഡിറ്റർ |

*(ബി) <u>നിർവ്വഹണാധികാരികൾ</u>*

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശാന്തകുമാർ<br>01.04.2016 മുതൽ 31.03.2017 | മംഗലത്ത് വീട്, പരപ്പിൽ |
| സെക്രട്ടറി | ശ്രീ.അഷറഫ്.എം (അസി.സെക്രട്ടറി ഇൻ ചാർജ്ജ്)<br>01.04.2016 മുതൽ 13.07.2016വരെ | അയിറയിൽ ഹൗസ്, കല്ലിയോട്, പനവൂർ പി.ഒ |
| | ശ്രീമതി.എം.നൂർജഹാൻ<br>14.07.2016 മുതൽ 17.10.2016 വരെ | ഷിഹാസ് മൻസിൽ, നല്ലിക്കുഴി, പരുത്തികുഴി പി.ഒ, ഉഴമലയ്ക്കൽ |
| | ശ്രീ.അഷറഫ്.എം (അസി.സെക്രട്ടറി ഇൻ ചാർജ്ജ്)<br>18.10.2016 മുതൽ 26.12.2016 വരെ | അയിറയിൽ ഹൗസ്, കല്ലിയോട്, പനവൂർ പി.ഒ |
| | ശ്രീ.റെനീസി മോൻ<br>27.12.2016 മുതൽ 09.03.2017 വരെ | കൊടിയാട്ടിൽ ഹൗസ്, ടി.സി.നം. 17/1293(2) , വി.എൻ.ആർ.എ-101, പാങ്ങോട്, ഇടപഴിനി |
| | ശ്രീ.അഷറഫ്.എം (അസി.സെക്രട്ടറി ഇൻ ചാർജ്ജ്)<br>10.03.2017 മുതൽ 31.03.2017 വരെ | അയിറയിൽ ഹൗസ്, കല്ലിയോട്, പനവൂർ പി.ഒ |

*നിർവ്വഹണ അധികാരികൾ*

| ഉദ്യോഗപ്പേര് | പേര് | വിലാസം |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സി.എം.ഷേർളി<br>01.04.2016 മുതൽ 31.03.2017 വരെ | TC16/637(II),<br>വേതാസൽ, കൊച്ചാർ റോഡ്, ജഗതി, തൈക്കാട് പി.ഒ. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ.ഉണ്ണികൃഷ്ണൻ.എസ്<br>01.04.2016 മുതൽ 18.11.2016 വരെ<br>(19.11.16 മുതൽ 31.03.17 വരെ നിർവ്വഹണോദ്യോഗസ്ഥൻ ഇല്ലായിരുന്നു) | ഇടയ്ക്കോട് ഹൗസ്, ചെറ്റക്കോണം പി.ഒ, കരകുളം |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീമതി.ആര്യ ദിവാകരൻ. എൽ<br>01.04.2016 മുതൽ 08.10.2016 വരെ<br>(09.10.16 മുതൽ 14.11.16 വരെ നിർവ്വഹണോദ്യോഗസ്ഥൻ ഇല്ലായിരുന്നു) | ആര്യ ഭവൻ, നെടുവേലി,<br>കൊൻച്ചിറ പി.ഒ |
| | ശ്രീ.ഷാനവാസ്.എസ്<br>15.11.2016 മുതൽ 31.03.2017 വരെ | റെയിൻബോ വില്ല, കുമ്മിൾ പി.ഒ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിന്ധു കെ.പി<br>01.04.2016 മുതൽ 10.07.2016 വരെ | ആദിത്യ എമ്പയർ, ചെമ്പഴന്തി പി.ഒ, ചെങ്കോട്ട്കോണം |

| | | |
|---|---|---|
| | ശ്രീമതി.ബിനിത.റ്റി.എ<br>11.07.2016 മുതൽ 31.03.2017 വരെ | ശങ്കരാലയം, TC10/1596, MRA A64, പൗഡിക്കോണം. |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.പത്മ കേസരി<br>01.04.2016 മുതൽ 31.03.2017 വരെ | പത്മവിലാസ്, വട്ടപ്പാറ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വിദ്യ<br>01.04.2016 മുതൽ 31.03.2017 വരെ | ലീല ഭവൻ, BURA-48, വൃന്ദാവൻ,<br>കവടിയാർ പി.ഒ |
| വെറ്ററിനറി സർജൻ | ഡോ.ജി.മധുസൂധനൻ<br>01.04.2016 മുതൽ 31.03.2017 വരെ | ശിവകൃപ, തുമ്പോട്, കല്ലറ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ആശലത.ഒ.കെ<br>01.04.2016 മുതൽ 31.03.2017 വരെ | കരടിചാനിമൂല വീട്, തെങ്ങുംകോട്, കെ.റ്റി.കുന്ന് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ലേഖ.കെ.ആർ<br>01.04.2016 മുതൽ 11.07.2016 വരെ | തൃക്കാർത്തിക, കരിക്കകം, ചായം, വിതുര പി.ഒ |
| | ശ്രീമതി.സജ്ന സയിദ്<br>11.07.2016 മുതൽ 31.08.2016 വരെ | MVRA 15/7, അഗസ്ത്യാലയം , മണ്ണാറക്കോണം, വട്ടിയൂർക്കാവ് |
| | ശ്രീ.മനോജ് കുമാർ .എം.എസ്<br>01.09.2016 മുതൽ 31.03.2017 വരെ | അശ്വതി, TC6/1544(6),<br>അഴിത്തടി റോഡ്, പ്രശാന്ത് നഗർ, ഉള്ളൂർ, |

| | | |
|---|---|---|
| | | തിരുവനന്തപുരം |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-6 | |
| 7 | പദ്ധതി അവലോകനം | 1-7 | |
| 8 | തനത് വരുമാനം | 1-8 | |
| 9 | സാമൂഹ്യ ക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-9 | |

| | | | |
|---|---|---|---|
| | | | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ക്യാഷ് ബുക്ക് പരിപാലനം | 1-12 | |
| 13 | സ്റ്റാന്റിംഗ് കമ്മിറ്റി- പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല | 1-13 | |
| 14 | അനുബന്ധ പത്രികകൾ. | 1-14 | |
| | ഭാഗം - 2 | | |
| 15 | ഇ-ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-1 | |
| 16 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2-2 | |
| 17 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ചുമത്തുന്നില്ല | 2-3 | |

| | | | |
|---|---|---|---|
| 18 | ഉപയോഗക്രമം വ്യത്യസ്തമല്ലാത്ത കെട്ടിടങ്ങളെ ഒന്നായി കണക്കാക്കി നികുതി നിർണ്ണയം നടത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 | |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 | |
| 20 | ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-6 | |
| | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 2-7 | |
| 21 | പിഴപ്പലിശ ഈടാക്കിയിട്ടില്ല - പുളിഞ്ചിക്കാപൊയ്ക - തുമ്പോട് ഏല പുനരുദ്ധാരണം | 2-8 | |
| 22 | അനധികൃതനിർമ്മാണം- രജിസ്റ്റർസൂക്ഷിക്കുന്നതിൽ - അപാകതകൾ | 2-9 | |
| | ഭാഗം - 3 | | |
| 23 | *റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് അധിക ആനുകൂല്യം നൽകി - പഞ്ചായത്ത് ഫണ്ടിന്റെ അധിക ചെലവ് നിയന്ത്രിക്കണം* | 3-1 | |

| | | | |
|---|---|---|---|
| 24 | അധിക ആനുകൂല്യം നൽകിയത് നിരാകരിക്കുന്നു | 3-2 | |
| 25 | പ്രോജക്റ്റ് രൂപീകരണം - പദ്ധതി മാർഗരേഖ നിർദേശം പാലിക്കുന്നില്ല. | 3-3 | |
| 26 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ | 3-4 | |
| 27 | മരുന്ന് ലഭ്യമായിട്ടില്ല | 3-5 | |
| 28 | ഫർണിച്ചർ വാങ്ങൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-6 | |
| 29 | പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സ്കൂളിന് ആനുകൂല്യം നൽകി | 3-7 | |
| 30 | കമ്പ്യൂട്ടർ വാങ്ങൽ- കരാർ ചമച്ചിട്ടില്ല | 3-8 | |
| 31 | എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറിൽ വരാത്ത ചെലവ് - ബിൽ പ്രകാരം തുക പിൻവലിച്ചു | 3-9 | |
| 32 | ട്രഷറിയിൽ ബിൽ പാസാക്കി - അക്കൗണ്ടിൽ തുക ലഭിച്ചില്ല | 3-10 | |
| 33 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു | 3-11 | |

| | | | |
|---|---|---|---|
| | | | |
| 34 | വൃദ്ധർക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - തുക അടച്ച മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 3-12 | |
| 35 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹതയുള്ളവർക്ക് മുഴുവൻ ആനുകൂല്യം നൽകിയില്ല | 3-13 | |
| 36 | ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടികൾ പ്രവൃത്തിക്കുന്നു | 3-14 | |
| 37 | സമ്പൂർണ്ണ ശുചിത്വം - രേഖകൾ പൂർണ്ണമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-15 | |
| 38 | ലോഗ്ബുക്ക് പരിശോധന അപാകതകൾ | 3-16 | |
| 39 | പൈപ്പ് ലൈൻ നീട്ടൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല - തുക തടസ്സം ചെയ്യുന്നു | 3-17 | |
| 40 | തെങ്ങുംകോട് സാംസ്കാരികനിലയം - എസ്.സി യുവതീയുവാക്കൾക്ക് ഹെൽത്ത് ക്ലബ്-സ്പെസിഫിക്കേഷൻ കൂടാതെ ഉപകരണങ്ങൾ വാങ്ങി | 3-18 | |

| | | | |
|---|---|---|---|
| | | | |
| 41 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-19 | |
| 42 | ആശ്രയ പദ്ധതി - അവലോകനം | 3-20 | |
| 43 | അംഗൻവാടി പ്രവർത്തനം- അവലോകനം | 3-21 | |
| 44 | പശ്ചിമഘട്ട വികസന പദ്ധതി പൂർത്തിയാക്കണം | 3-22 | |
| 45 | പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം-അവഅവലോകനം | 3-23 | |
| 46 | ബഡ്ജറ്റിനെ അധികരിച്ച് ചെലവ് ചെയ്തിരിക്കുന്നു. | 3-24 | |
| 47 | എസ്.സി.പ്രോജക്ട് പൊതുവിഭാഗത്തിൽ നടപ്പിലാക്കി | 3-25 | |
| | ഭാഗം - 4 | | |
| 48 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 49 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4-2 | |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 51 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 53 | ഓഡിറ്റ് റിക്കവറി | 4-6 | |
| 54 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 56 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 11.08.2016 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 240042462/- രൂപയും പ്രതീക്ഷിത ചെലവ് 221288050/- രൂപയും നീക്കിയിരിപ്പ് 18754412/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 26.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | 15064606 |
| വരവ് | 56507691 |
| ആകെ | 71572297 |
| ചെലവ് | 53472193 |
| നീക്കിയിരുപ്പ് | 18100104 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 13106749 | 13106749 | 13106749 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4606693 | 4606693 | 4606693 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 1602321 | 1602321 | 1602321 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2935601 | 2935601 | 2935601 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6342956 | 6342956 | 6342956 | 0 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 3383133 | 3383133 | 3383133 | 0 |
| എം.ജി.എൻ.ആർ.ഇ. ജി.എസ് | 1218 | 979040 | 980258 | 974463 | 5795 |
| ബി.ഫണ്ട് | 0 | 761400 | 761400 | 761400 | 0 |
| സാക്ഷരത | 383732 | 14941 | 398673 | 119728 | 278945 |
| പശ്ചിമഘട്ടം | 1438406 | 74241 | 1512647 | 276114 | 1236533 |
| തനത് ഫണ്ട്/മറ്റ് വരവുകൾ | 2616667 | 14054016 | 16670683 | 9739629 | 7159792 |
| Try TSB A/C | 10624583 | 8646600 | 19271183 | 9852144 | 9419039 |
| ആകെ | 15064606 | 56507691 | 71572297 | 53700931 | 18100104 |

തനതുഫണ്ട് നീക്കിയിരുപ്പിൽ ക്യാഷ് ഇൻ ഹാൻഡ് 228738/- കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക് ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. Bill ഷെഡ്യൂൾ പ്രകാരം capital work in progress '0' ആണ്. എന്നാൽ അസി.എഞ്ചിനീയർസാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം 374181/- രൂപയുടെ part payment നടത്തിയിട്ടുണ്ട്.
2. B7 Schedule-Deposits received/Bidders Security deposit രജിസ്റ്റർ പ്രകാരം 33520/-ആണ്. എന്നാൽ AFS-ൽ ആയത് 33523/- ആണ്. 3 രൂപയുടെ വ്യത്യാസം കാണുന്നു.
3. B9 Schedule Advance collection of Revenue – Market receipts 156912/- ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 154912/- ആണ്. 2000/- രൂപയുടെ വ്യത്യാസം കാണുന്നു.
4. B15 Schedule Receivables towards Martket receipts (arrears) 433144/- ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 433334/- ആണ്. 190/-രൂപയുടെ വ്യത്യാസം കാണുന്നു.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
6. B4 Schedule-ൽ centrally sponsored scheme – Integrated Child Scheme ICDS – 711866, Animal husbandry Capital – 360000/- Grants, funds & Contributions for specific purposes

other that Development fund and state sponsore - 135150. Beneficiary contribution - 90805, Other grants funds &contributions for specific purposes - capital 272125 എന്നിങ്ങനെ നീക്കിയിരിപ്പുള്ളതായി കാണുന്നു. മേൽ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

7. B9 Schedule library cess ഇനത്തിൽ 18167/-രൂപ VAT - 8186/- രൂപ എന്നിങ്ങനെ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുകകൾ അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
8. Rent receivables from building (current) രജിസ്റ്റർ പ്രകാരം 138456/- ആണ്. എന്നാൽ AFS പ്രകാരം 141456/-ആണ്. 3000/-രൂപയുടെ വ്യത്യാസം കാണുന്നു.
9. B-18 Schedule-ൽ Temporary Advance for official purposes - 112260, Advance to implementing officers - 147122, Electricity deposits - 2850 എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
10. Receivables towards market receipts (arrears) രജിസ്റ്റർ പ്രകാരം 433334/- ആണ്. എന്നാൽ AFS പ്രകാരം 433144/- ആണ്. വ്യത്യാസം 190/-രൂപ.
11. B15 Schedule-ൽ State Government cesses/levies in property taxes, contol etc.- 95808/- രൂപ കാണുന്നു. തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
12. Property tax Residential and Non-residential building I-1 Schedule പ്രകാരം ഡിമാന്റ് 2671901/- ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആയത് 5838433/- ആണ്. വ്യത്യാസം 3166532/-രൂപ.
13. Property tax Residential and Non-residential Current & arrear collection സഞ്ചയ പ്രകാരം 3487751/-ആണ്. എന്നാൽ AFS - ൽ 3680412/-രൂപയാണ് Collection ആയി കാണുന്നത്. വ്യത്യാസം 192661/-
14. Rent from buildings I-3 Schedule-ൽ 1446412/- എന്നാൽ രജിസ്റ്റർ പ്രകാരം 1441368/-. വ്യത്യാസം 5044.
15. മുൻവർഷത്തെ ഓപ്പറേഷണൽ മെയിന്റനൻസ് ചെലവുകൾ തൻവർഷം അക്കൗണ്ട്സിൽ provision കൂടാതെ ചെലവഴിച്ചിരിക്കുന്നു.
16. I-1 Schedule പ്രകാരം Entertainment tax-4960/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
17. Permit fee for construction of buildings-ന്റെ രജിസ്റ്ററിൽ DCB പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
18. ജനറൽ പർപ്പസ് ഫണ്ട് ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 8863090/-രൂപയും ബാങ്ക് ബുക്ക്, AFS എന്നിവ പ്രകാരം 9419039/-രൂപയും ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.
19. സാക്ഷരതയുടെ ബാങ്ക് പാസ് ബുക്ക് പ്രകാരം വരവ് 22023/-ആണ്. എന്നാൽ AFS പ്രകാരം ആയത് 14941/- ആണ്. വ്യത്യാസം 7082/-
20. സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം 36940/- (Bill No.1/16-17.dated: 16.03.17) രൂപ ചെലവ്

വന്നിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയറിൽ വരാത്ത ചെലവ് എപ്രകാരമാണ് AFS-ലും ACR-ലും വന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

## 1-7 പദ്ധതി അവവോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 58989127 | 101 | 37307302 | 8 | 56 | 63.24 |

## 1-8 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+/_) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 340290 | 1729595 | 1389305 | 408.3 |
| കെട്ടിട നികുതി | 1448894 | 3680412 | 2231518 | +154 |
| വിനോദ നികുതി | 12400 | 4960 | 7440 | -60 |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 747172 | 485870 | -261302 | -35 |
| വാടക | 1185626 | 1421898 | 236272 | +20 |
| ഡി & ഓ ലൈസൻസ് | 91050 | 194630 | 103580 | +114 |
| മറ്റുവരവുകൾ | 38434916 | 49901116 | 11466200 | +30 |

| | | | | |
|---|---|---|---|---|
| ആകെ | 42260348 | 56507691 | 14247343 | +34 |

## 1-9 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 10982350 | 4814 |
| തൊഴിൽരഹിത വേതനം | 761400 | 600 |
| വിധവാ പെൻഷൻ | 14173385 | 5582 |
| വികലാംഗ പെൻഷൻ | 3018090 | 1137 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 512580 | 177 |
| വാർദ്ധക്യ പെൻഷൻ | 23593715 | 8508 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |
| ആകെ | 53041520 | 20818 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന രാവിലെ 10 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 0 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.05.2017 | 3/17, 4/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.03.2016 | 2011-12 മുതൽ 2015-16 | 16.06.2016 |

## 1-12 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ സ.ഉ.(കൈ)177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിർവ്വണോദ്യോഗസ്ഥരായ അസി.സെക്രട്ടറി, വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ മേൽ ഉത്തരവ് പ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ലായെന്ന് പരിശോധനയിൽ കാണുന്നു. ആയതിനാൽ അടിയന്തിരമായി കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-13 സ്റ്റാന്റിംഗ് കമ്മിറ്റി- പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല

2000ലെ കേരളപഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ) ചട്ടങ്ങൾ ചട്ടം 16 (1) പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയതിയിൽ പഞ്ചായത്ത് ഓഫീസിൽ യോഗം ചേരേണ്ടതാണ്. എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത ചട്ടം പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2016 മേയ്, മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംറ്റിംഗ് കമ്മിറ്റികൾ 2016 മേയ്, സെപ്റ്റംബർ, 2017 മാർച്ച്, എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ 2016 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2016 നവംബർ, 2017 മാർച്ച് എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാറ്റിംഗ് കമ്മിറ്റി ചട്ടങ്ങൾ) ചട്ടങ്ങൾക്കനുസൃതമായി കൃത്യമായി സ്റ്റാൻറിംഗ് കമ്മിറ്റികൾ കൂടുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

ജനറൽ കമ്മിറ്റി മിനിട്സ് (തീ. 04.07.16) page No.259പ്രസിഡൻറ് സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃതം കമ്മിറ്റി വിളിച്ചുകൂട്ടുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-14 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 26290/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 117 | ക്ഷീരവികസനആഫീസ് അനുബന്ധ കെട്ടിടങ്ങളുടെ നവീകരണം | 2300 | 3 | 6900 |

| | | | | | |
|---|---|---|---|---|---|
| 2 | 79 | അങ്കൻവാടികളുടെ നവീകരണം | 2630 | 1 | 2630 |
| 3 | 85 | അരുവിപ്പുറം എൽ.പി.എസ്.മെയിന്റനൻസ് | 1200 | 2 | 2400 |
| 4 | 98 | ചെറുവാളം ആനകുളം റോഡ് റീടാറിങ്ങ് | 1080 | 1 | 1080 |
| 5 | 102 | ശരവണ മുണ്ടാണിക്കര കല്ലറ റോഡ് മെറ്റലിംഗ് & ടാറിംഗ് | 1080 | 1 | 1080 |
| 6 | 149 | പഞ്ചായത്ത് ഓഫീസ് നവീകരണം | 2630 | 2 | 5260 |
| 7 | 157 | കല്ലറ ബസ് സ്റ്റാൻഡ് റീടാറിങ്ങ് | 2280 | 1 | 2280 |
| 8 | 169 | തണ്ണിയം മൂർത്തിക്കാവ് റോഡ് കോൺക്രീറ്റ് | 1260 | 2 | 2520 |
| 9 | 107 | പള്ളിക്കുന്ന് മയിലാട്ടുകോണം റോഡ് കോൺക്രീറ്റ് | 1070 | 2 | 2140 |
| ആകെ | | | | | 26290 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ

കുട്ടാവുന്നതാണ്. കല്ലറ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 84282/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. വിശദാംശം ചുവടെ.

| ക്രമ നം | പ്രവർത്തിയുടെ പേര് | കോൺട്രാക്റ്റർ/ കൺവീനർ | ഒടുക്കിയ തുക | ട്രഷറി |
|---|---|---|---|---|
| 1 | മുളവിള എൽ.പി.എസ് ജംഗ്ഷൻ പിന്നാറ്റുമൂഴി റോഡ് കോൺക്രീറ്റ് | ചന്ദ്രൻ.ബി | 3302 | നെടുമങ്ങാട് |
| 2 | കെ.റ്റി.കുന്ന് ഓറൻകോട് റോഡ് സൈഡ് കെട്ട് | സി.സണ്ണി | 1620 | നെടുമങ്ങാട് |
| 3 | കീഴാർ നടപ്പാലം | ജി.സുന്ദരൻ | 2066 | നെടുമങ്ങാട് |
| 4 | പുളിഞ്ചിക്കാപൊയ്ക തുമ്പോട് ഏലാ റോഡ് പുനരുദ്ധാരണം | ആർ.ചന്ദ്രശേഖരൻ | 7325 | നെടുമങ്ങാട് |
| 5 | കുറുമ്പയം ഭൂതക്കുഴി റോഡ് പുനരുദ്ധാരണം | സലിം.ജെ | 1286 | നെടുമങ്ങാട് |
| 6 | ഇടത്തട്ട് കുറക്കോട് റോഡ് കോൺക്രീറ്റ് | വിനോദ്.എസ് | 2958 | നെടുമങ്ങാട് |
| 7 | ഈച്ചൂട്ടിക്കോണം കുന്നുംപുറം റോഡ് പുനരുദ്ധാരണം | സലിം.ജെ | 1741 | നെടുമങ്ങാട് |
| 8 | വനം കുന്നുവിള കല്ലുവരമ്പ് റോഡ് കോൺക്രീറ്റ് | മനോഹരൻ നായർ | 4519 | നെടുമങ്ങാട് |
| 9 | തെങ്ങുംകോട് റേഷൻ കട ജംഗ്ഷൻ റോഡ് കോൺക്രീറ്റ് | സുരേന്ദ്രൻ നായർ | 2817 | നെടുമങ്ങാട് |
| 10 | പാകിസ്ഥാൻമുക്ക് കരിച്ചാണം റോഡ് കോൺക്രീറ്റിംഗ് | സജീം.എ | 1753 | നെടുമങ്ങാട് |
| 11 | പൂച്ചടിക്കോട്താന്നിക്കുന്നിൽ | സലിം.ജെ | 995 | നെടുമങ്ങാട് |

| | | | | |
|---|---|---|---|---|
| | റോഡ് പുനരുദ്ധാരണം | | | |
| 12 | അണ്ണാമമൂട് റോഡ് കോൺക്രീറ്റ് | സജീം.എ | 1767 | നെടുമങ്ങാട് |
| 13 | വളക്കുഴിപ്പച്ച അംഗൻവാടി നിർമ്മാണത്തിന് സ്ഥലം ഒരുക്കലും സംരക്ഷണ ഭിത്തി നിർമ്മാണവും | സജീം.എ | 1948 | നെടുമങ്ങാട് |
| 14 | തെങ്ങുംകോട് എൽ.പി.എസ് മെയിന്റനൻസ് | സജീം.എ | 956 | നെടുമങ്ങാട് |
| 15 | തമ്പുരാട്ടിമൂല ഊന്നംപാറ റോഡ് കോൺക്രീറ്റ് | ശിഹാബുദീൻ.ജെ | 995 | നെടുമങ്ങാട് |
| 16 | ഗോൾഡാജംഗ്ഷൻ വളക്കുഴിപ്പച്ച റോഡ് കോൺക്രീറ്റ് | ജയകുമാർ.എസ് | 2986 | നെടുമങ്ങാട് |
| 17 | ബിവറേജസ് ജംഗ്ഷൻ കൈതക്കെട്ട് റോഡ് കോൺക്രീറ്റ് | ജയകുമാർ.എസ് | 1767 | നെടുമങ്ങാട് |
| 18 | വാഴത്തോപ്പുപച്ച ദേവി ക്ഷേത്രം കാപ്പിവിള റോഡ് കോൺക്രീറ്റ് | ആർ.ശിവദാസൻ | 1750 | നെടുമങ്ങാട് |
| 19 | വട്ടത്താമരക്കുഴി ഭ്രതക്കുഴി റോഡ് പുനരുദ്ധാരണം | ഷംനാദ് | 775 | നെടുമങ്ങാട് |
| 20 | അരുവിപ്പുറം എൽ.പി.എസ് മെയിന്റനൻസ് | കെ.അനിൽ കുമാർ | 4291 | നെടുമങ്ങാട് |
| 21 | അങ്കൻവാടികൾക്ക് കൊടിമരം സ്ഥാപിക്കൽ | കെ.അനിൽകുമാർ | 201 | നെടുമങ്ങാട് |

| | | | | |
|---|---|---|---|---|
| 22 | ആയിരവല്ലി പാറമുകൾ റോഡ് പുനരുദ്ധാരണം | ഗംഗാധരൻ നായർ | 2301 | നെടുമങ്ങാട് |
| 23 | വെള്ളംകുടി തണ്ണിയം പനച്ചമൂട് എസ്.സി കോളനി റോഡ് പുനരുദ്ധാരണം | ഗോപാലകൃഷ്ണൻ നായർ | 2306 | നെടുമങ്ങാട് |
| 24 | മുതുവിള ഗ്രന്ഥശാല നവീകരണം | സലിം.ജെ | 998 | നെടുമങ്ങാട് |
| 25 | തണ്ണിയം മൂർത്തിക്കാവ് റോഡ് കോൺക്രീറ്റ് | സലിം.ജെ | 4915 | നെടുമങ്ങാട് |
| 26 | പാലുവള്ളി ആനാംപച്ച റോഡ് മെച്ചപ്പെടുത്തൽ | ജയചന്ദ്രൻ | 4906 | നെടുമങ്ങാട് |
| 27 | ഡീസന്റ്മുക്ക് പെരുമ്പോലി റോഡ് റീടാറിംഗ് | കെ.അനിൽ കുമാർ | 4294 | നെടുമങ്ങാട് |
| 28 | പള്ളിക്കുന്ന് മയിലാട്ടുകോണം റോഡ് കോൺക്രീറ്റ് | കെ.അനിൽ കുമാർ | 3665 | നെടുമങ്ങാട് |
| 29 | ചെമ്പൻ കോഡ് കുറിഞ്ചിലക്കാട് റോഡ് പുനരുദ്ധാരണം | ആർ.ശിവദാസൻ | 4194 | നെടുമങ്ങാട് |
| 30 | തെങ്ങുംകോട് എൽ.പി.എസിന് അടുപ്പ് | ആർ.രമാദേവി | 150 | നെടുമങ്ങാട് |
| 31 | മുതുവിള എൽ.പി.എസിന് ഊട്ടുപുര | സജീം.എ | 1936 | നെടുമങ്ങാട് |
| 32 | ക്ഷീരവികസന ആഫീസ്, അനുബന്ധ കെട്ടിടങ്ങളുടെ നവീകരണം | ഡ്യൂറോളാക് | 3742 | നെടുമങ്ങാട് |

| | | | | |
|---|---|---|---|---|
| 33 | കുറുമ്പയം എൽ.പി.എസ്. ചുറ്റുമതിൽ നിർമ്മാണം | ഷംനാദ്.എൻ.എസ് | 910 | നെടുമങ്ങാട് |
| 34 | തെങ്ങുംകോട് സാംസ്കാരിക നിലയം അറ്റകുറ്റ പണി | ഷംനാദ്.എൻ.എസ് | 1173 | നെടുമങ്ങാട് |
| 35 | തറട്ട കോട്ടൂർ ഗാർഡർ വിള റോഡ് പുനരുദ്ധാരണം | ഷംനാദ്.എൻ.എസ് | 974 | നെടുമങ്ങാട് |
| ആകെ | | | 84282 | |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽ നിന്ന് 843/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ചുമത്തുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വാർഡ് നം. | കെട്ടിട നം. | വിസ്തീർണം (m2) |
|---|---|---|---|---|
| 1 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | I | 668(B) | 7.5 |
| 2 | ഭാരതി എയർടെൽ | I | 668(C) | 8 |
| 3 | വോഡഫോൺ | III | 340 | 10 |
| 4 | എസ്സാർ സെല്ലുലാർ | VII | 26(A) | 10 |
| 5 | എസ്സാർ | X | 295(B) | 9.8 |
| 6 | ഭാരതി എയർടെൽ | X | 295(C) | 9.8 |
| 7 | ഭാരതി എയർടെൽ | XII | 255(A) | 8 |

| | | | | |
|---|---|---|---|---|
| 8 | റ്റി.റ്റി. ഇൻഫോ സർവ്വീസ് | XV | 49(A) | 9 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 9-ന് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നെങ്കിലും നികുതി ഒടുക്കിയിട്ടില്ല എന്ന് മറുപടി ലഭിച്ചു. മേൽ സൂചിപ്പിച്ച ടവറുകളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഉപയോഗക്രമം വ്യത്യസ്തമല്ലാത്ത കെട്ടിടങ്ങളെ ഒന്നായി കണക്കാക്കി നികുതി നിർണ്ണയം നടത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല.ഓഡിറ്റിൽ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരമുള്ളവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി | നിർണ്ണയിച്ചനികുതി, അർഹതപ്പെട്ട വർദ്ധന - ഇളവ് ഉൾപ്പടെ (ച.മീ.ന് 50രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 1/539 A | 96 | 5760+288LC<br>(48060 + 20%) | 6912 + 346 LC | 1152+58LC |

| | | | | | |
|---|---|---|---|---|---|
| | 1/539 B | 32 | 1920+96 LC<br>(1600+20%) | 2304+115 LC | 384+19LC |
| 2 | 1/474A | 30 | 1800+90LC<br>(1500+20%) | 2160+108LC | 360+18LC |
| | 1/474B | 30 | 1800+90LC<br>(1500+20%) | 2160+108LC | 360+18LC |
| | 1/474C | 30 | 1800+90LC<br>(1500+20%) | 2160+108LC | 360+18LC |
| | 1/474D | 30 | 1800+90LC<br>(1500+20%) | 2160+108LC | 360+18LC |
| | 1/474E | 30 | 1800+90LC<br>(1500+20%) | 2160+108LC | 360+18LC |
| 3 | 1/241A | 137.53 | 8252+413 LC<br>(6877+20%) | 9902+495LC | 1650+82LC |
| | 1/241B | 14.34 | 861+43 LC<br>(717+20%) | 1032+52LC | 171+9LC |
| 4 | 1/779A | 35 | 2100+105LC<br>(1750+20%) | 2520+126LC | 420+21LC |
| | 1/779B | 35 | 2100+105LC<br>(1750+20%) | 2520+126LC | 420+21LC |
| | 1/779C | 35 | 2100+105LC<br>(1750+20%) | 2520+126LC | 420+21LC |
| | 1/779D | 61 | 3477+174LC<br>(13050+20% - 183) | 4209+210LC | 732+36LC |

| | | | | | |
|---|---|---|---|---|---|
| | 1/779E | 60 | 3420+171LC<br>(3000+20% -183) | 4140+207LC | 720+36LC |
| | 1/779F | 60 | 3420+171LC<br>(3000+20% -183) | 4140+207LC | 720+36LC |
| 5 | 1/420A | 20 | 1200+60LC<br>(1000+20%) | 1440+72LC | 240+12LC |
| | 1/420B | 20 | 1200+60LC<br>(1000+20%) | 1440+72LC | 240+12LC |
| | 1/420C | 20 | 1200+60LC<br>(1000+20%) | 1440+72LC | 240+12LC |
| | 1/420D | 20 | 1200+60L<br>(1000+20%)C | 1440+72LC | 240+12LC |
| | 1/420E | 19 | 1140+57LC<br>(950+20%) | 1368+68LC | 228+11LC |
| | 1/420F | 27 | 1539+77LC<br>(1350+20%-31) | 1863+93LC | 324+16LC |
| | 1/420G | 20 | 1140+57LC<br>1000+20%-60) | 1380+69LC | 240+12LC |
| | 1/420H | 27.59 | 1573+79LC<br>(1379.5+20%-83) | 1903+95LC | 330+16LC |
| | 1/420I | 26 | 1560+75LC<br>(1300+20%-78) | 1794+90LC | 234+15LC |
| 6 | II/329A | 12 | 720+36LC | 864+43LC | 144+7LC |

| | | | | | |
|---|---|---|---|---|---|
| | | | (1600+20%) | | |
| | II/329B | 41 | 2460+123LC (2050+20%) | 2952+148LC | 492+25LC |
| | II/329C | 35 | 2100+105LC (1750+20%) | 2520+126LC | 420+21LC |
| | II/329E | 44.68 | 2547+128LC (2234+20%-134) | 3217+161LC | 670+33LC |
| 7 | III/21A | 125 | 6875+344LC (6250+10%) | 8250+413LC | 1375+69LC |
| | III/21B | 125 | 6875+344LC (6250+10%) | 8250+413LC | 1375+69LC |
| 8 | XI/211A | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211C | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211D | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211E | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211F | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211G | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |

| | | | | | |
|---|---|---|---|---|---|
| | XI/211H | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211I | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211J | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| | XI/211K | 34.82 | 1916+96LC (1741+10%) | 2298+115LC | 382+19LC |
| 9 | XIII/481A | 30 | 1650+83LC (1500+10%) | 1980+99LC | 330+16LC |
| | XIII/481B | 30 | 1650+83LC (1500+10%) | 1980+99LC | 330+16LC |
| | XIII/481C | 30 | 1650+83LC (1500+10%) | 1980+99LC | 330+16LC |
| | XIII/481D | 20 | 1100+55LC (1500+10%) | 1320+66LC | 220+11LC |
| | XIII/481E | 20 | 1100+55LC (1500+10%) | 1320+66LC | 220+11LC |
| | XIII/481F | 30 | 1650+83LC (1500+10%) | 1980+99LC | 330+16LC |
| ആകെ | | | 103699+5188 LC | 124660+6235 LC | 20961+1047 LC |

ഇപ്രകാരം കെട്ടിടങ്ങളെ ഉപവിഭാഗങ്ങളായി തരംതിരിച്ച് നികുതി നിർണ്ണയം നടത്തിയതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന്

അടിയന്തിര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010481427 | Surendran Pillai.C | Aswathy Finance | Thottinkara buildings, kp-879, Kallara Panchayat, I, Kallara, Kallara |
| 32010454124 | Indratmajan | Chandu Bankers | Chandu Bhavan, 776,<br>Kallara, 1, Kallara, kallara |
| 32010481304 | Dinesh | K K Bankers | Souparnika, 1112, Rural, 3, Kallara, Kallara |
| 32010456699 | Vijayan.P | Kallara Finance | V 3/100, V 3/100, Kallara, 3, Kallara, Kallara |
| 32010468862 | Shaji. R N | Muthukavil Financiers | Muthuvila, 174, Medumangad, XII, Muthuvela, Kallara p o |
| 32010401823 | Vijayan Nair | Sreelekshmi Finance | KP1/939, KP1/939, Kallara, 1, Kallara, Kallara |

മേൽ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 34 -ന് ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഡി & ഒ രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തിക വർഷം ലൈസൻസ് എടുത്തതിൽ താഴെ പറയുന്നവർ 2016-17 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| പേര്, മേൽവിലാസം | വാർഡ് നം,<br>കെട്ടിട നം | സ്ഥാപനം |
|---|---|---|
| ബാലകൃഷ്ണപിള്ള, ശാന്തവിലാസം, മിതൃമ്മല | XV/461,462 | പലചരക്ക് കച്ചവടം |
| അബ്ദുൾ കലാം, ഷംന മൻസിൽ, കല്ലറ | III/1817 | പൗൾട്രി ഫാം |
| സുനിൽ.കെ.നായർ, നന്ദനം, മിതൃമ്മല | XV/1078 | സ്വാതി ഏജൻസീസ് |
| ഗണേശൻ ആചാരി, ഭാവന, വെള്ളംകുടി | II/113 | സ്വർണ്ണാഭരണ വിൽപ്പന |
| എ.നജ്മുദ്ദീൻ, സുൽഫത്ത് മൻസിൽ, തുമ്പോട് | I/2219 | കെട്ടിട നിർമ്മാണ സാധനം വിൽപ്പന |
| നിസാർ, സീനാമൻസിൽ, തുമ്പോട് | III/725 | മെഡിക്കൽ സ്റ്റോർ |
| മുരളീധരൻപിള്ള, അരുൺനിവാസ്, പഴയചന്ത | III/1085 | പലചരക്ക് വ്യാപാരം |
| അബ്ദുൾ റഷീദ്, ആമിന കോട്ടേജ്, കല്ലറ | I/137 | മുറുക്കാൻ കട |
| സഞ്ചു.ആർ.എസ്, സരിതവിലാസം, | I/2721 | ദേവിക എഞ്ചിനീയറിംഗ് |

| | | |
|---|---|---|
| കാക്കകുന്ന് | | വർക്സ് |
| ഹുമയൂൺ, ഷാമൻസിൽ, പാകിസ്ഥാൻമുക്ക്, മിതൃമ്മല | XI/1611 | ബിസ്മി ഫ്ലവർമിൽ |
| നൂറുദ്ദീൻ, എൻ.എസ്.ഹൗസ്,പള്ളിമുക്ക് | III/1141 | മഞ്ചോസ് സ്റ്റോഴ്സ് |
| സെയ്ഫുദ്ദീൻ, ഷിഫാന മൻസിൽ | I/6,7 | ബേക്കറി & സ്റ്റേഷനറി |
| അർച്ചനാനാഥ്, ഉത്രാടം, മതിര | XI/108 | ഗംഗ ഫുഡ്സ് & ബിവറേജസ് |
| എ.വി.ഷിഹാബുദ്ദീൻ, ലൈലാ മൻസിൽ,കല്ലറ | I/133 | അഫ്ലാസ് ഏജൻസീസ് |
| മായ, മുണ്ടോണിക്കരവീട്, കല്ലറ | I/2522 | ബേക്കറി & ഫ്രൂട്ട്സ് |
| ശ്രീകണ്ഠൻ നായർ, ഉദയവിലാസം,തറട്ട | III/763 | മോഡേൺ ലൈറ്റ്സ് |
| അബ്ദുൾ അസീസ് മൗലവി, എ.ജെ. ഹൗസ്, കല്ലറ | I/1682 | എസ്.എസ്. സ്റ്റോർ |
| രവീന്ദ്രൻ പിള്ള, ലൗലി സദനം, കല്ലറ | I/1752 | ലൗലി സ്റ്റോർ |
| ആർ.പ്രസേനൻ, സോനാലയം, മുളയ്ക്കലത്തുകാവ് | I/311 | റെജി സ്റ്റോർ |
| സുദർശനൻ.എൻ, പ്ലാവിള വീട്, കല്ലറ | III/762A | അശ്വതി എന്റർപ്രൈസസ് |
| വാമദേവൻ, സിതാനിവാസ്,പരപ്പിൽ | VIII/934 | കെ.വി സ്റ്റോർ |
| അരുൺകുമാർ.കെ, എ.എ.നിവാസ്, മൈലമൂട് | I/827 | സെൽനെറ്റ് അസോസിയേറ്റ്സ് |

| | | |
|---|---|---|
| ശശിധരൻ, പാറമുകളിൽ വീട്,കല്ലറ | I/2115 | അമ്മു ജെന്റ്സ് ബ്യൂട്ടിപാർലർ |
| ഷീബ.ആർ, നസീർ മൻസിൽ,മതിര | I/2681 | മദർ ചോയ്സ് വസ്ത്ര വ്യാപാരം |
| മോഹൻദാസ്.എസ്, ഗോൾഡൻ സാൻഡ്, പരപ്പിൽ | VIII/1324 | ചന്ദ്രോദയം ഇലക്ട്രിക്കൽസ് |
| മുഹമ്മദ് സാലി, അൻസാർ മൻസിൽ, തുമ്പോട് | XV/292 | അൻസാർ റൈസ് മിൽ |
| ബിജു.പി.കെ, എസ്.എസ്.മന്ദിരം,വെള്ളംകുടി | I/160A | ന്യൂമാതാ ഹോട്ടൽ |
| ശ്രീദേവി മോഹൻ, അമ്പലപ്പാട്ട്, തുമ്പോട് | I/251 | അമ്പലപ്പാട്ട് സിൽക്ക്സ് |
| ഷബീർ അലി, സുഹൈൽ കോട്ടേജ്,പള്ളിമുക്ക് | III/1333A | സുഹൈൽ സാമിൽ |
| സുലൈഹാബീവി, പണയിൽ വീട്,മാങ്കോണം | I/2105,2106 | ഷാ ടെക്സ്റ്റയിൽസ് |
| ഷജീർ, ഷബ്ന മൻസിൽ,മംഗലാപുരം | I/2647 | ആലിഫ് ബേക്കറി |
| നിസ്സാറുദ്ദീൻ, ഫാത്തിമ മൻസിൽ,സ്റ്റേഡിയം റോഡ് | I/893 | ഫുട് വെയർ |
| മുഹമ്മദ് ഷംജീർ, ഷാം മൻസിൽ, തട്ടുവിളാകം | III/1115 | പലചരക്ക് വ്യാപാരം |

| | | |
|---|---|---|
| ഫൈസൽ.എ.എൻ, എ.എൻ.കോട്ടേജ്, പള്ളിമുക്ക് | III/1684 | നെബീസ് ആട്ടോസർവീസ് |
| ഷീജ, പാറമുകളിൽ വീട്, കല്ലറ | I/292 | സൈക്കിൾ കച്ചവടം |
| സുദ്ദാസൻ, ഉഷസ്, കല്ലറ | I/614 | പ്രൊവിഷൻ സ്റ്റോർ |
| ജയചന്ദ്രൻ നായർ, മംഗലശ്ശേരി വീട്, കുറ്റിമൂട്, കല്ലറ | I/232 | ഇലക്ട്രോണിക്ക്സ് ഉപകരണങ്ങൾ നന്നാക്കൽ |
| വിമൽ കുമാർ.വി, ബിജുഭവൻ, ഓറംകോട്, കെ.റ്റി.കുന്ന് | VII/1078 | ശ്രീ.ശാസ്താ ഏജൻസീസ് |
| ഭാസുരാംഗകുറുപ്പ്, ഭാസുരാലയം,ഉമ്പോട് | I/2476 | ബിന്ദു സ്റ്റോർ |
| സി.ബാബു, ശ്രീശൈലം,കോലിയക്കോട് | I/768 | പ്രിന്റിംഗ് വർക്കുകൾ |
| സജിത.എൽ, സജിതമന്ദിരം,ഇരുള്ളൂർ | XVII/132A | അമല ക്ലീനിക്കൽ ലബോറട്ടറി |
| നസീമബീവി, നസീമമൻസിൽ | III/1740,1741 | ഏഷ്യൻ ലബോറട്ടറി |
| നാസറുദ്ദീൻ, എ.ആർ.ഹൗസ്,പാങ്ങോട് | I/1319B | സ്റ്റേഷനറി സ്റ്റോർ |
| മുജ്ജുനദീൻ.എ, ഫഹറുദ്ദീൻ മൻസിൽ,പാങ്ങോട് | II/71 | വോഡാഫോൺ ഓഫീസ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം 33 ന് ഈ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-7 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു കാരണം പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയുന്നില്ല. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-8 പിഴപ്പലിശ ഈടാക്കിയിട്ടില്ല – പുളിഞ്ചിക്കാപൊയ്ക – തുമ്പോട് ഏല പുനരുദ്ധാരണം

പ്രോജക്ട് നം - 100/16 ( 120/16-17)

എം ബുക്ക് നം - 841/15-16

ബിൽ നം , തീയതി - 4/AE/LSGD/10.02.17

അടങ്കൽ - 980000/-

ചെലവ് - 732450/-

കരാറുകാരൻ - ആർ.ചന്ദ്രശേഖരൻ

എസ്റ്റിമേറ്റ് റേറ്റിൽ 25 % കുറച്ച് ക്വാട്ട് ചെയ്ത മേൽ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് 30.07.2015 ന് കരാറുകാരന് നൽകി. പ്രസ്തുത പ്രവൃത്തിയുടെ കരാറ് ചമയ്ക്കാൻ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരം 14 ദിവസം സമയം അനുവദിച്ചിട്ടുണ്ട് എന്നാൽ കരാറുകാരൻ 22.09.15-ന് മാത്രമാണ് നിയമാനുസരണം കരാർ ചമച്ചത്. സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം പി.എ.സി-യുടെ 1% പിഴ ഈടാക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് (ജി.ഒ.പി.13/2012 /pwd/1.2.12–pwd manual ഖണ്ഡിക.2009.6). പ്രസ്തുത പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

735000 (980000 – 25% EB) x 1 /100 = 7350/- രൂപ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 അനധികൃതനിർമ്മാണം - രജിസ്റ്റർസൂക്ഷിക്കുന്നതിൽ - അപാകതകൾ

1994ലെകേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ.എ പ്രകാരം അനധികൃത കെട്ടിടങ്ങൾ, അവയുടെ നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ നിലവിലുള്ള കെട്ടിട നികുതിയുടെ കൂടെ അതിൻെറ രണ്ടിരട്ടി പിഴ കൂടി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ സർക്കുലർനം. 29342/R1/LSGD തീയതി 19.5.14പ്രകാരം അത് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ യൂ.എ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) രജിസ്റ്ററിൽ 2010-11മുതലുള്ള അനധികൃതനിർമ്മാണം സംബന്ധിച്ച രേഖപ്പെടുത്ത ലുകളെയുള്ളു.

ബി) രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ള 17 നിർമ്മാണങ്ങളിൽ ആദ്യം രേഖപ്പടുത്തിയിട്ടുള്ള 4

നിർമ്മാണങ്ങളുടെ ഉടമസ്ഥയായ മാരിയത്തുബീവിയിൽ നിന്നും 2010-11മുതൽ കെട്ടിട നികുതി ഈടാക്കി വരുന്നു. പക്ഷേ അനധികൃത നിർമ്മാണത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല. ഈയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. 2016-17 ലെ അനധികൃത കെട്ടിടനിർമ്മാതാക്കളിൽ നിന്ന് (മൂന്നു പേർ) നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും മറ്റുള്ള ആറുപേരുടെ നികുതി അസസ് ചെയ്തതായി കാണുന്നില്ല.

സി) എല്ലാ അനധികൃത നിർമ്മാണങ്ങളും സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. ഉദാ. സ്യൂട്ട് രജിസ്റ്റർപരിശോധിച്ചതിൽ ശ്രീ യൂസഫ് റാവുത്തർ മണലിവീളാകത്തു വീട്, കല്ലറ പി.ഒ ശ്രീ.രാജീവൻ.ബി, രാജീവം, പള്ളിമുക്ക് എന്നിവർക്കെതിരെ അനധികൃതനിർമ്മാണം സംബന്ധിച്ച് കേസ് വിവിധ കോടതികളിൽ നിലനിൽക്കുന്നതായി സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ പ്രസ്തുത അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് അധിക ആനുകൂല്യം നൽകി - പഞ്ചായത്ത് ഫണ്ടിന്റെ അധിക ചെലവ് നിയന്ത്രിക്കണം

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിലെ ആദ്യ ഇനം "construction of embankment with material obtained from borrow pits" എന്നതാണ് (കരാറുകാരന്റെ ചെലവിൽ പുറമേ നിന്ന് മണ്ണ് കൊണ്ട് വന്ന് നിരപ്പാക്കുന്നതിന്). ഈ ഇനത്തിനു വേണ്ടി തയ്യാറാക്കിയ observed data ചുവടെ ചേർക്കുന്നു.

| Code | Description | Unit | Quantity | Rate | amount |
|---|---|---|---|---|---|
| L -12 | Mate | Day | .04000 | 363 | 14.52 |
| L-29 | Mazdoor(unskilled) | Day | 1.00000 | 329 | 329 |
| P & M -152 | Hydrolic excavator 9cum bucket capasity @ 60 cum/hour | Hour | 1.67000 | 1200 | 2004 |
| P & M -161 | Tipper 5.5 cum, 10 T cpacity | HOUR | 4.50000 | 212.5 | 956.25 |
| 1-1-2 | Rate as per item no 1.1.2 of loading & unloading | Cum | 100 | 29.80 | 2980 |

| | | | | | |
|---|---|---|---|---|---|
| 1-1-14 | Rate as per item no 1.1.4 of loading & unloading | Cum | 100 | 17.22 | 1722 |
| M-189 | Water | Kilo litre | 12.00000 | 13 | 156 |
| M-092 | Compensation for earth taken from private land | Cum | 100 | 163.11 | 16311 |
| | | | | | 24472.77 |

Cost for 100 cum - 24472.77

cost for 1 cum - 244.73

OH 10% - 24.47

CP 10% - 26.92

cost index 46.6% - 123.99

total cost for cum - 420.12

ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് (പശ്ചിമ ഘട്ട മേഖലയിൽ ഉൾപ്പെടുന്ന പ്രദേശം) hard soil surface terrain ആണ് മുഴുവൻ പ്രദേശവും. ഇപ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ ഇടവഴികൾ കോൺക്രീറ്റ് ചെയ്യുന്നതിന് മണ്ണ് ഫില്ലിംഗ് നടത്തി സബ് ബയിസ് ബെയറിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയില്ല. കോൺക്രീറ്റ് റോഡ് നിർമ്മാണം നടത്തിയ പ്രദേശത്തെ മൺ പാതയിൽ തന്നെ വിവിധ സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന മണ്ണ് ഇപ്രകാരം നിരപ്പാക്കുന്നതിന് ഉപയോഗിക്കുവാൻ കഴിയുമായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ നിർവ്വണോദ്യോഗസ്ഥൻ ഈ വിഷയം പരിഗണിച്ചതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് മോർഡ് സ്പെസിഫിക്കേഷൻ 301 & 302 എന്ന നിരക്ക് നൽകാനും അതുവഴി നിർമ്മാണ ചെലവ് കുറക്കാനും മേൽ വിഷയം പരിഗണിച്ച എസ്റ്റിമേറ്റൽ പ്രൊവിഷൻ നൽകുന്നതുവഴി കഴിയുമായിരുന്നു (55.4/cum, 228.62/ cum). എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വളരെ കുറഞ്ഞ വാക്കുകളിൽ മാത്രമാണ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് ആയതിനാൻ പ്രസ്തുത ഇനം പ്രവൃത്തി ഈ മേഖലയിൽ ആവശ്യമാണെന്ന് സ്ഥാപിക്കുവാൻ നിർവ്വണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ മൺ പണി ഉൾപ്പെടുന്ന റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ, മൺ പണി തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യേണ്ട രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന സർക്കാരിന്റെ നിർദേശം പാലിച്ചിട്ടില്ല (സഉ.എം.എസ്.നം.4/2016/

തസ്വഭവ/11.1.16 ഭാഗം 4ഖണ്ഡിക 11.15 ii)

പ്രവൃത്തികളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | എം ബുക്ക് നം | അളവ് (m3) | നിരക്ക് / cum | ചെലവഴിച്ച തുക |
|---|---|---|---|---|
| ഇടത്തട്ട് - കുറക്കോട് റോഡ് കോൺക്രീറ്റ് | 63/2016-17 | 40.02 | 420.12 | 16813 |
| തെങ്ങുംകോട് - റേഷൻകട ജംഗ്ഷൻ | 64/2016-17 | 52.02 | 420.12 | 21930 |
| ചെമ്പൻകോട് - കുറിഞ്ചിലക്കാട് റോഡ് | 59/2016-17 | 47.77 | 420.12 | 20071 |
| തമ്പുരാട്ടിമൂല- ഉന്നംപാറ റോഡ് കോൺക്രീറ്റിംഗ് | 69/2016-17 | 20.322 | 420.12 | 8537 |
| ബിവറേജസ് ജംഗ്ഷൻ കൈതക്കെട്ട് റോഡ് | 71/2016-17 | 38.48 | 420.12 | 16166 |
| വനം - കുന്നവിള – കല്ലുവരമ്പ് റോഡ് കോൺക്രീറ്റിംഗ് | 65/2016-17 | 100.101 | 420.12 | 42056 |
| വാഴത്തോപ്പ് - പച്ച ദേവിക്ഷേത്രം - കാപ്പിവിള റോഡ് | 73/2016-17 | 38.48 | 420.12 | 16166 |

| | | | | |
|---|---|---|---|---|
| പള്ളിക്കുന്ന് - മയിലാട്ടുകോണം | 79/2016-17 | 116.8 | 420.12 | 49070 |
| ഗോൾഡാജംഗ്ഷൻ - വളക്കുഴിപ്പച്ച | 72/2016-17 | 115.52 | 420.12 | 48541.5 |
| വെള്ളംകുടി-തണ്ണിയം-പനച്ചമൂട് | 77/2016-17 | 59.13 | 420.12 | 23948 |

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്.

## 3-2 അധിക ആനുകൂല്യം നൽകിയത് നിരാകരിക്കുന്നു

1) പള്ളിക്കുന്ന് - മൈലോട്ട്കോണം റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക – 513900(ധന.ഗ്രാന്റ്)

ചെലവ് തുക - 366484/-

എം ബുക്ക് നം. - 79/2016-17

ബിൽ നം,തുക – 32/16-17 , 31.03.2017

കരാറുകാരൻ - കെ.അനിൽകുമാർ (item wise contract)

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഒന്നാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള construction of embankment with material obtained from borrow pits -tec spe clause 301.5 എന്ന ഇനമാണ്. എം ബുക്ക്/detailed estimateപ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

1 x 152 x 2.90 x .20 = 88.161

2 x 152 x .450 x .20 = 27.361

ആകെ - 115.522 cum

27.07.2017 നിർവ്വഹണോദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധന യിൽ നിലവിൽ റോഡിന്റെ വീതി 2.90 മീറ്റർ ആണ്. പ്രസ്തുത മുഴുവൻ വീതിയും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. അംഗീകൃത പ്രോജക്ടിലും റോഡിന്റെ വീതി 3 മീറ്ററും ക്യാരേജ് വേ 2.90 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്ററിലും ഈ വിവരം തന്നെയാണ് രേഖപ്പെടുത്തി കാണുന്നത്. നിലവിൽ മൂന്ന് മീറ്റർ മാത്രമുള്ള റോഡിന് berm filling-ന് 27.361 cum മണ്ണ് ആവശ്യമാണെന്ന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും നിർവ്വഹണ വേളയിൽ പ്രസ്തുത മണ്ണ് റോഡിന്റെ ക്യാരേജ് വേയിൽ വിതറി മെഷർമെന്റ് രേഖപ്പെടുത്തി ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

27.361 x 334 /$m^3$ = 9138.57/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക നിരാകരിക്കുന്നു.

2) പള്ളിക്കുന്ന് - ഗോൾഡാ ജംഗ്ഷൻ വളകുഴിപച്ച റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക – 300000 (ധന.ഗ്രാന്റ്)

ചെലവ് തുക – 298577/-

എം ബുക്ക് നം – 72/2016-17

ബിൽ നം, തുക – 19/16-17 , 21.03.2017

കരാറുകാരൻ - എസ്.ജയകുമാർ

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഒന്നാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള contruction of embankment with material obtained from borrow pits -tec spe clause 301.5 എന്ന ഇനമാണ് . എം ബുക്ക് / detailed estimateപ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

1 x 88.500 x 2.90 x .20 = 51.33

2 x 88.500 x .400x .20 = 14.16

ആകെ - 65.49cum

27.07.2017 നിർവ്വണോദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധന യിൽ നിലവിൽ റോഡിന്റെ വീതി 2.90 മീറ്റർ ആണ്. പ്രസ്തുത മുഴുവൻ വീതിയും കോൺക്രീറ്റ് ചെയ്തിട്ടുണ്ട് . അംഗീകൃത പ്രോജക്ടിലും റോഡിന്റെ വീതി 3 മീറ്ററും ക്യാരേജ് വേ 2.90 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്ററിലും ഈ വിവരം തന്നെയാണ് രേഖപ്പെടുത്തി കാണുന്നത്. നിലവിൽ മൂന്ന് മീറ്റർ മാത്രമുള്ള റോഡിന് berm filling ന് 14.16 cum മണ്ണ് ആവശ്യമാണെന്ന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും നിർവ്വഹണ വേളയിൽ പ്രസ്തുത മണ്ണ് റോഡിന്റെ ക്യാരേജ് വേയിൽ വിതറി മെഷർമെന്റ് രേഖപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

14.16 x 420.12 / m3 = 5949/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക നിരാകരിക്കുന്നു.

## 3-3 പ്രോജക്ട് രൂപീകരണം - പദ്ധതി മാർഗരേഖ നിർദേശം പാലിക്കുന്നില്ല.

അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്പിൽ ഓവറാക്കിമാറ്റാൻ

i) നിർവ്വഹണം ആരംഭിച്ചെങ്കിലും പൂർത്തിയായില്ല

ii) പൂർത്തീകരിച്ച പണം നൽകാൻ കഴിഞ്ഞിട്ടില്ല

iii) കരാർ ചമച്ച് പണി ആരംഭിച്ചിട്ടില്ല. എന്നിവയാണ് മാർഗരേഖ പ്രകാരം അനുവദിച്ചിട്ടുള്ളത്. കൂടാതെ സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവറായ വർഷം തന്നെ പൂർത്തിയാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത മാർഗനിർദേശങ്ങൾ പാലിക്കാതെ 2014-15 സാമ്പത്തിക വർഷത്തിൽ ഭേദഗതി പ്രോജക്ടായി അംഗീകാരം നേടിയ വട്ടത്താമരക്കുഴി - ഭ്രതക്കുഴി റോഡ് പുനരുദ്ധാരണ പ്രവൃത്തി 2015-16 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറാക്കിയെങ്കിലും 2016-17 സാമ്പത്തിക വർഷത്തിലാണ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയത്. ഓഡിറ്റ് എൻക്വയറി നം 18 പ്രകാരം ആവശ്യപ്പെട്ട വിശദീകരണത്തിന് മറുപടിയായി മുൻ വർഷങ്ങളിൽ വിശദമായ അടങ്കൽ തയ്യാറാക്കുകയോ സാങ്കേതിക അനുമതി തേടുകയോ ചെയ്യാതെ ഏകദേശ അടങ്കലിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ച്

25.01.17-ലെ തീരുമാനം 1.1 പ്രകാരം ഗുണഭോക്തൃ സമിതി വിളിച്ച് ചേർത്ത് പ്രവൃത്തി നിർവ്വഹിക്കാൻ നിർദേശം നൽകുകയാണ് ചെയ്തത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പദ്ധതി മാർഗരേഖ നിർദേശം (സ.ഉ.(എം.എസ്) നം.4/2016/തസ്വഭവ/11.1.16 ഭാഗം 2ഖണ്ഡിക 6.15 xi) പാലിക്കാതെ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിയ ഭരണസമിതിയുടെ നടപടി നിയമപരമല്ല.

## 3-4 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

| ക്രമ നം | പ്രോജക്ട് നം<br>പേര്, അങ്കൽ | ബിൽ നം തുക | റിമാർക്സ് |
|---|---|---|---|
| 1 | SO183/17, സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം<br>വികസന ഫണ്ട് - 135000/- | Contribution to social security mission<br>135000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | SO158/17, കെ.റ്റി കുന്ന് വാർഡിലെ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടലും ഹൗസ് കണക്ഷൻ നൽകലും<br>വികസന ഫണ്ട് - 128650/- | KT. kunnu SC colony extension<br>128650/- | എഗ്രിമെന്റ് വച്ചിട്ടില്ല<br>സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 3 | SO094/17, മുണ്ടപ്ലാമൂട് പാലാട്ട്കോണം എസ്.സി കോളനി ശുദ്ധജല വിതരണ പദ്ധതി<br>വികസന ഫണ്ട് - 128650/- | Water connection for mundaplamood palattukonam<br>128650/- | എഗ്രിമെന്റ് വച്ചിട്ടില്ല<br>ധനവിനിയോഗ സാക്ഷ്യപത്രമില്ല |
| 4 | SO153/17, കോടംപ്ലാച്ചി ചന്തത്തടം കോളനി കുടി വെള്ള പദ്ധതി | Water connection for kodamplachi chanthathodam | എഗ്രിമെന്റ് വച്ചിട്ടില്ല<br>ധനവിനിയോഗ സാക്ഷ്യപത്രമില്ല |

| | | | |
|---|---|---|---|
| | വികസന ഫണ്ട് - 543000/- | 272000/-(ഗാർഹികം)<br>271000/- | |
| 5 | SO199/17, കൊടുള്ളി - ആലംകോട് കരിയ്ക്കകം പൈപ്പ് ലൈൻ നീട്ടൽ<br>വികസന ഫണ്ട് - 100000/- | Pipe line extension<br>100000/- | എഗ്രിമെന്റ് വച്ചിട്ടില്ല<br>കൈപ്പറ്റ് രസീതില്ല<br>ധനവിനിയോഗ സാക്ഷ്യപത്രമില്ല |
| 6 | SO100/17, കെ.ഡബ്യൂ.എ . തുമ്പോട് വാർഡ് പച്ചികജാതി കോളനി ശുദ്ധജല വിതരണ പദ്ധതി<br>വികസന ഫണ്ട് - 385950/- | Water connection-thumpode sc coloney<br>385950/- | എഗ്രിമെന്റ് വച്ചിട്ടില്ല<br>ധനവിനിയോഗ സാക്ഷ്യപത്രമില്ല |
| 7 | SO097/17, ചെറുവാളം വാർഡിലെ കോളനി പ്രദേശം ശുദ്ധജല വിതരണ പദ്ധതി.<br>വികസന ഫണ്ട് (എസ്.സി.പി) - 128650/- | Water connection for cheruvalam ward<br>128650/- | എഗ്രിമെന്റ് വച്ചിട്ടില്ല<br>ധനവിനിയോഗ സാക്ഷ്യപത്രമില്ല |
| 8 | SO144/17,തുമ്പോട് താപസഗിരി പ്രദേശം ശുദ്ധജല വിതരണ പദ്ധതി<br>വികസന ഫണ്ട് (ധന.കമ്മീ.ഗ്രാന്റ്) - 709200/- | Water connection for thumpode thapasagiri<br>709200/- | എഗ്രിമെന്റ് വച്ചിട്ടില്ല<br>ധനവിനിയോഗ സാക്ഷ്യപത്രമില്ല |

| | | | |
|---|---|---|---|
| 9 | SOO05/17, ഇ.എം.എസ് ലോൺ തിരിച്ചടവ്<br>വികസന ഫണ്ട് - 7337/-<br>തനത് ഫണ്ട് - 1402213/- | EMS loan refund<br>7337/- | കൈപ്പറ്റ് രസീതില്ല |
| 10 | SOO08/17,ഐ.കെ.എം- ന് വിഹിതം നൽകൽ<br>വികസന ഫണ്ട് - 125013/- | Payment to IKM<br>125013/- | കൈപ്പറ്റ് രസീതില്ല |
| 11 | SOO07/17, പദ്ധതി രൂപീകരണം, മോണിറ്ററിംഗ്<br>തനത് ഫണ്ട് - 300000/- | എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യത ഇല്ല<br>(എക്സ്പെഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 184222/-) (തനത് ഫണ്ട്) | ചെലവ് രേഖകൾ ഇല്ല. |
| 12 | SO159/17,സ്ട്രീറ്റ് ലൈറ്റ് മെയിന്റെനൻസ് അനുബന്ധ ഉപകരണങ്ങൾ വാങ്ങലും<br>വികസന ഫണ്ട് (ധന.കമ്മീ.ഗ്രാന്റ്) - 769311/- | Street light equipment<br>769311/- | കൈപ്പറ്റ് രസീതില്ല |
| 13 | SO152/17, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ<br>വികസന ഫണ്ട് - 3364655/- | Iso certification<br>1000000/- | കൈപ്പറ്റ് രസീതില്ല |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി അനുബന്ധ

വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ (ഖ: 13- XI എ, ഡി, സി-362/13 ത.സ്വ.ഭ.വ. 16.11.2013) പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവഹണത്തിനായി മുൻകൂർ തുക നൽകാൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മുൻകൂറുകൾ അതാത് സ്ഥാപനങ്ങൾ (ജല അതോറിറ്റി, കെ.എസ്.ഇ.ബി.) നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകേണ്ടതും അതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമാണെന്നും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ജല അതോറിറ്റി, കെ.എസ്.ഇ.ബി-യുമായി കരാർ ചമച്ചതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാൻ പാടുള്ളുവെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതികളുടെ ചെലവു തുക 4344983/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 മരുന്ന് ലഭ്യമായിട്ടില്ല

1) നം. : SO049/17

പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 200000/-(മെയിന്റനൻസ് ഫണ്ട്)

ബിൽ നം, തീയതി : 02/16-17, 24.01.17

ഈ പ്രോജക്ട് പ്രകാരം 200000/- രൂപ ഹോംകോയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയെങ്കിലും ഇൻവോയിസ് PF 628 പ്രകാരം ലഭിക്കേണ്ട മരുന്നുകൾ ലഭ്യമായിട്ടില്ല. അഡ്വാൻസായി തുക കൈമാറിയെങ്കിലും മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 200000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2) നം. : SO048/17

പേര് : ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ : 400000/- (മെയിന്റനൻസ് ഫണ്ട്)

ബിൽ നം., തീയതി : 01/16-17, 24.01.17

ബിൽ നമ്പർ പ്രകാരം 400000/- രൂപ ഔഷധിക്ക് നൽകിയെങ്കിലും ഇൻവോയിസ് നം.1768, 8.02.17 പ്രകാരം 69736/- രൂപയുടേയും ഇൻവോയിസ് നം.2573, 31.03.17 പ്രകാരം 84884/- രൂപയുടേയും മരുന്നുകളാണ് ലഭ്യമായത്. ഈ പ്രോജക്ടിൽ 245380/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ല. ആയതിനാൽ 245380/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) നം. : SO196/17

പേര് : എസ്.സി വൃദ്ധർക്ക് ആയുർവേദ മരുന്ന് വാങ്ങൽ

അടങ്കൽ : 123276/- (വികസന ഫണ്ട് 23276/-,

ബ്ലോക്ക് പഞ്ചായത്ത് 100000/-)

ബിൽ നം., തീയതി : 03/16-17, 25.03.17

എസ്.സി. വൃദ്ധരുടെ ആരോഗ്യനില വിലയിരുത്തി ആയതിനനുസരിച്ച് ഔഷധങ്ങൾ വാങ്ങി നൽകി ആരോഗ്യനില മെച്ചപ്പെടുത്താനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ വൃദ്ധരുടെ ആരോഗ്യനില പരിശോധിച്ച് വിലയിരുത്താതെയാണ് മരുന്ന് വാങ്ങുന്നതിനായി 123276/- രൂപ ഔഷധിക്ക് നൽകിയത്. ഇൻവോയിസ് നം.555, 12.03.17 പ്രകാരം ഈ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ 123276/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഫർണിച്ചർ വാങ്ങൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

a) പ്രോജക്ട് നം. - SO136/16-17

പേര് - അരുവിപ്പുറം എൽ.പി.എസിന് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - വികസനഫണ്ട്(50000/-)

ബിൽ നം. 2/16-17/16.3.17 - 49938/-

അരുവിപ്പുറം എൽ.പി.എസിന് ഫർണിച്ചർ വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ക്വട്ടേഷൻ പ്രകാരം 18 ബഞ്ചുകൾ 2724/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെയാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. സാധനങ്ങൾ വാങ്ങിയ വ്യക്തിയുമായി കരാർ വച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14-ന് ലഭ്യമാക്കിയ മറുപടിയിൽ അൻപതിനായിരം രൂപ വരെയുള്ള പദ്ധതികൾക്ക് എഗ്രിമെൻറ് വേണ്ട എന്ന ധാരണയിലാണ് അപ്രകാരം ചെയ്യാതിരുന്നത് എന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാവാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

b) പ്രോജക്ട് നം. - 57/16-17

പേര് - സർക്കാർ സ്കൂളിൽ ഫർണിച്ചർ വാങ്ങൽ

അടങ്കൽ - വികസനഫണ്ട്(611750)

ബിൽ നം. - 7/16-17/30.3.17- 68865/-

പ്രസ്തുത പദ്ധതിയിൽ 90 ബഞ്ച് 3321/- രൂപ നിരക്കിലും 22 ടേബിൾ 3296/-രൂപ നിരക്കിലും 61 ഡസ്ക്ക് 3593/-രൂപ നിരക്കിലും ക്വട്ടേഷൻ പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ സ്പെസിഫിക്കേഷൻ പരാമർശിക്കാതെയാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്. കൂടാതെ കമ്പാരിറ്റീവ് സ്റ്റേറ്റ്മെൻറ്

തയ്യാറാക്കുകയോ സാധനങ്ങൾ വാങ്ങിയ വ്യക്തിയുമായി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.14 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പഞ്ചായത്തിൻെറ നിയന്ത്രണത്തിലല്ലാത്ത സ്കൂളിന് ആനുകൂല്യം നൽകി

പ്രോജക്ട് നം. - 136/16-17

പേര് - യു.പി.സ്കൂളിന് കായിക ഉപകരണങ്ങൾ

അടങ്കൽ - ധനകാര്യകമ്മീഷൻ (15000)

തനതു ഫണ്ട് ( 35000)

ബിൽ നം. - 4/16-17/16.3.17 - 15000/-

ചെക്ക് നം. - 062092/17.3.17

യു.പി സ്കൂളിന് കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പഞ്ചായത്തിൻെറ അധികാരപരിധിയിൽ വരാത്ത മിതൃമ്മല ബോയ്സ് എച്ച്.എസ്.എസ്-ന് കായികോപകരണങ്ങൾ നൽകിയതായി കാണുന്നു. ഓഡിറ്റ് എൻക്വയറി നം.14-ന് ലഭ്യമാക്കിയ മറുപടിയിൽ മിതൃമ്മല ബോയ്സ് എച്ച്.എസ്. എസ്-ലെ യു.പി വിഭാഗം കുട്ടികൾക്കാണ് ആനുകൂല്യം നൽകിയതെന്ന് അറിയിച്ചിരിക്കുന്നു. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 കമ്പ്യൂട്ടർ വാങ്ങൽ- കരാർ ചമച്ചിട്ടില്ല

പ്രോജക്ട് നം. - 43/16-17

പേര് - സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - റോഡിതരം (100000/-)

ബിൽ നം. - 6/16-17/30.3.17 - 99550/-

പ്രസ്തുതപദ്ധതിയിൽ മൂന്ന് കംപ്യൂട്ടർ, മൂന്ന് യു.പി.എസ്, ഫോട്ടോകോപ്പിയർ, പ്രിന്റർ എന്നിവ മേൽ ബില്ല് പ്രകാരമുള്ള തുകയ്ക്ക് Softech എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിൻെറ ഇൻവോയിസിൽ തന്നെ മൂന്നു വർഷ ഓൺസൈറ്റ് വാറണ്ടിയുണ്ടെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ലാത്തതിനാൽ ഭാവിയിൽ ഉപകരണങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ സംഭവിക്കുന്ന പക്ഷം ആയതിന്റെ മെയിൻറനൻസ് ഉറപ്പാക്കാൻ കഴിയില്ല. ഓഡിറ്റ് എൻക്വയറി നം.14-ന് ലഭ്യമാക്കിയ മറുപടിയിൽ ഒരാഴ്ചക്കകം എഗ്രിമെൻറ് വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-9 എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറിൽ വരാത്ത ചെലവ് - ബിൽ പ്രകാരം തുക പിൻവലിച്ചു

പ്രോജക്റ്റ് നം. - 55/17

പേര് - ടെലഫോൺ, വൈദ്യുതി ബിൽ തുക നൽകൽ

അടങ്കൽ - മെയിൻറനൻസ് ഫണ്ട് (റോഡിതരം)- 36940/-

Bill No. - 1/16-17/16.3.17- 36940/-

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം.

പ്രസ്തുത പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള വിവിധ സ്കൂളുകളുടെ ടെലഫോൺ, വൈദ്യുതി ബിൽ നൽകുന്നതിനായി ബില്ല് പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറിൽ വന്നിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.15-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് റിവിഷൻ സമയത്ത് സുലേഖയിൽ ചെലവ് രേഖപ്പെടുത്തി വരാത്തതിനാൽ റിവൈസ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നും പ്രസ്തുത ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ വരാതെ ചെലവഴിച്ച 36940/- രൂപയുടെ ചെലവ് സാധൂകരണം ലഭിക്കുന്നതുവരെ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 ട്രഷറിയിൽ ബിൽ പാസാക്കി- അക്കൗണ്ടിൽ തുക ലഭിച്ചില്ല

പ്രോജക്റ്റ് നം. - S0063/17

പേര് - പാലിയേറ്റീവ് പരിചരണ പദ്ധതി

അടങ്കൽ - വികസനഫണ്ട് (350000) +

ബ്ലോക്ക് പഞ്ചായത്ത് വിഹിതം (100000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി

BillNo. 1/16-17 Palliative care project 16-17/28.1.17: 216108/-

7/16-17 palliative care project 16-17/31.3.17:133892/-

100000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 6717528475 എന്ന അക്കൗണ്ടിലേയ്ക്ക് ഡയറക്റ്റ് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുണ്ട്.

അവശരും കിടപ്പുരോഗികളായവരുമായവർക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബിൽ നം. 7/16-17 palliative care project 16-17/31.3.17:133892/- പ്രകാരം പാലിയേറ്റീവ് കെയർ നഴ്സ് ശമ്പളം- 30000/-, സ്റ്റേഷനറി - 7352/-, മരുന്ന് - 75000/-, വണ്ടി വാടക - 21540/- എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കായി ബിൽ ബുക്ക് പ്രകാരം (നം.7/16-17 palliative care project/31.3.17- 133892/- രൂപ) തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽസ്പിൽ ഓവർ പ്രോജക്റ്റായി 2017-18 വർഷം ബിൽ നം.1/17-18/21.6.17 പ്രകാരം ഇതേ ആവശ്യത്തിനായി 133892/-രൂപ പിൻവലിച്ചതായി കാണുന്നു. ഒരേ ചെലവുകൾക്ക് 2016-17,

2017-18-ലും തുക പിൻവലിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24-ന് ലഭ്യമാക്കിയ മറുപടിയിൽ 31.3.2017-ൽ ബിൽ ട്രഷറിയിൽ സമർപ്പിച്ച് പാസാക്കിയെടുത്തതാണെന്നും എന്നാൽ ട്രഷറിയിൽ നിന്ന് ടി തുക യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാലാണ് മേൽ പദ്ധതി സ്പിൽ ഓവർ ആക്കിയതെന്നും ഈ വിവരം ട്രഷറി ഓഫീസറെ അറിയിച്ചതിൽ 21.6.2017-ൽ തുക മെഡിക്കൽ ഓഫീസർ സി.എച്ച്.സി-യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ മറുപടി വാസ്തവമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

## 3-11 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - S0036/17

പേര് - പാലിയേറ്റീവ് കെയർ പദ്ധതി സെക്കൻററി ലെവൽ

ബിൽ നം. - 5/16-17 palliative secondary level

project/27.3.17- 100000/-

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

പാലിയേറ്റീവ് കെയർ പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് നൽകുന്നതിന് മേൽ ബില്ല് പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാപഞ്ചായത്തിന് വിനിയോഗ സാക്ഷ്യപത്രത്തിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിൻറ അഭാവത്തിൽ 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 വൃദ്ധർക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - തുക അടച്ചു മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം. - S0039/17

പേര് - വൃദ്ധർക്ക് മരുന്ന് അനുബന്ധ സാധനങ്ങൾ വാങ്ങൽ

അടങ്കൽ - വികസനഫണ്ട്(680000/-)

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

ബിൽ നം. - 4/16-17 purchase of medicine for old age people/30.1.17-680000

അറുപത് വയസ്സിന് മുകളിലുള്ള ജീവിത ശൈലീ രോഗികൾക്ക് വയോജന പരിപാടിയിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ബില്ല് പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവീസ്സ് കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 275707/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. അഡ്വാൻസായി തുക നൽകിയിട്ടും 404293/-രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹതയുള്ളവർക്ക് മുഴുവൻ ആനുകൂല്യം നൽകിയില്ല

പ്രോജക്ട് നം. - S0066/17

പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്.

അടങ്കൽ - വികസനഫണ്ട് 50000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 30000/-

ജില്ലാപഞ്ചായത്ത് വിഹിതം - 20000/-

Bill No. - 7/16-17 Scholarship/20.3.17 -50000/-

ചെക്ക് നം. - 2797922/28.3.17- 12000/-

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആനുകൂല്യം നൽകുന്നതിനായി വിഭാവനം ചെയ്തിരുന്ന പ്രസ്തുത പദ്ധതി പ്രകാരം 22ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം പൂർണ്ണമായും നൽകിയിട്ടില്ല. ചില ഗുണഭോക്താക്കൾക്ക് രണ്ടു മാസത്തെ സ്കോളർഷിപ്പ് മാത്രമേ നലകിയിട്ടുള്ളൂ. വകയിരുത്തിയിരു ന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭ്യമാക്കാതിരുന്നതും ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാതിരുന്നതിനാലുമാണ് ആനുകൂല്യം പൂർണ്ണമായും നൽകാൻ കഴിയാതിരുന്ന തെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ VII(ഇ) പ്രകാരം പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ തന്നെ സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണ ചുമതലയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രോജക്ടിന്റെ ആകെ അടങ്കൽ തുക, ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും പ്രതീക്ഷിക്കുന്ന തുക, ഏത് ഫണ്ട് എന്നിവ തയ്യാറാക്കി ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. അതിനാൽ ഫണ്ടുകളുടെ ലഭ്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടികൾ പ്രവൃത്തിക്കുന്നു

സർക്കുലർ നം.31055/DC2/2011/LSGD dated 22.3.2017 പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേയ്ക്ക് അംഗൻവാടി മാറ്റി പ്രവർത്തിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അംഗൻവാടി നം.127, 100, 117, 123, 110 എന്നിവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കററ് ഇല്ലായെങ്കിലും അവ ടി കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അംഗൻവാടികൾ സർക്കുലറിൽ

നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സുരക്ഷിത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 സമ്പൂർണ്ണ ശുചിത്വം - രേഖകൾ പൂർണ്ണമല്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് പേര് - കക്കൂസ് നിർമ്മാണം (സമ്പൂർണ്ണ ശുചിത്വം)

നം. - S0004/17

അടങ്കൽ - വികസനഫണ്ട് (1058411)

തനത് ഫണ്ട് (924800)

ധനകാര്യകമ്മീഷൻ അവാർഡ് (2205589)

ബിൽ നം - 05/ODF/16-17/27.1.17-16000/-

07/ODF/16-17/30.1.17 - 22200/-

520/005012/sanitary latrine/26.8.16-510000/-

520/005014/sanitary latrine /30.9.16- 300000/-

520/005014/sanitary latrine /6.9.16- 1410000/-

520/005018/sanitary latrine /14.9.16-924000/-

D.D No- 099919/11.8.16-900000/-

i) ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ 272ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി തയ്യാറാക്കിയ പദ്ധതിയിൽ വികസനഫണ്ട് ജനറലിൽ നിന്ന് 1058411/- രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളുവെങ്കിലും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം 2220000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി റിവൈസ് ചെയതിട്ടുണ്ടെങ്കിലും (9.9.2016) അതിനു മുൻപു തന്നെ 26.8.16 ൽ തന്നെ 510000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ii) അക്വിറ്റൻസ് രജിസ്റ്ററിൽ എല്ലാ ഗുണഭോക്താക്കൾക്കും തുക കൈമാറിയതിന്റെ പൂർണ്ണ വിവരങ്ങൾ (ചെക്ക്നം/D.Dno. A/c transfer detailes ) രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എല്ലാ ഗുണഭോക്താക്കൾക്കും തുക കൈമാറിയതിൻെറ വിശദാംശം പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

iii) അക്വിറ്റൻസ് രജിസ്റ്ററും ബാങ്ക് സ്റ്റേറ്റുമെൻറുംപരിശോധിച്ചതിൽ തുക കൈമാറിയതായി രേഖപ്പെടുത്തിയിരിക്കുന്നതിൽ വ്യത്യാസം കാണുന്നു. ചിലഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉദാ. 1. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം ചെ.നം.1076645 തുക 7400/- രൂപ

ശ്രീ.പ്രംകുമാർ.കെ, പ്രദീഷ് ഭവൻ, കല്ലുവരമ്പ്, മുതുവിള എന്നയാൾക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ബാങ്ക് സ്റ്റേറ്റുമെൻറ് പ്രകാരം പ്രസ്തുത ചെക്ക് പ്രകാരമുള്ള തുക പിൻവലിച്ചിരിക്കുന്നത് ശ്രീ പ്രഭ എന്നയാളാണ്.

2. അക്വിറ്റൻസ് രജിസ്റ്റർപ്രകാരം ചെക്ക് നം. 107693/27.9.13 – തുക2000/- നൽകിയിരിക്കുന്നത് സുധ, ഗീതാമന്ദിരം, പാൽക്കുളം എന്നയാൾക്കാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റുമെൻറുംപരിശോധിച്ചതിൽ ശ്രീ സുനി എന്ന വ്യക്തിയാണ് മേൽ തുക പിൻവലിച്ചിരിക്കുന്നത്.

iv) അഞ്ച് ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര് | കൈപ്പറ്റിയ തുക(ചെക്ക് /D.D വിവരം രേഖപ്പെടുത്തിയിട്ടില്ല) |
|---|---|---|
| 1 | മിനി മോൾ,ഗിരിജാഭവൻ, മൂണ്ടോണിക്കര | 6000 |
| 2 | ഇന്ദിര, അഞ്ജനഭവൻ, നെട്ടുംതേരി | 6000 |
| 3 | ഓമന, രജനീഭവൻ | 6000 |
| 4 | സിന്ധു, സിബിഭവൻ, ചെറുവാളം | 6000 |
| 5 | പത്മജകുമാരി, കോണത്ത് ചരുവിള പുത്തൻ വീട്,<br>ഇളവൂർ കരിക്കകം, കെ.ടി കുന്ന് പി.ഒ | 6000<br>7400 |

എ) ക്യാഷ് ബുക്ക് TR7A യിൽ തയ്യാറാക്കിയിട്ടില്ല.

ബി) വി.ഇ.ഒ-യുടെ അക്കൗണ്ടിൽ 31.3.17-ൽ 27857.57രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. മാർച്ച് 31നു ശേഷവും ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാതെ ഉണ്ടായിരുന്നുവെന്നും മാർച്ച് 31-നു ശേഷം പണി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി 19-ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിനുശേഷം

വി.ഇ.ഒ-യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അതാതു ഹെഡുകളിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് എകസ്പെൻഡിച്ചർ സ്റ്റേറ്റുമെൻറ് ലഭ്യമാക്കുന്നതാണെന്നും ODFപദ്ധതി തുക ചെലവ് വരുത്തിയതിനു ശേഷമാണ് പ്രോജക്ട് റിവൈസ് ചെയതത് എന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ക്രമ നം. നാലിലെ പട്ടകയിൽ പരാമർശിച്ചിട്ടുള്ള അഞ്ചു ഗുണഭോക്താക്കൾക്കും നോട്ടീസ് അയച്ചിട്ടുണ്ടെന്നും പണി പൂർത്തീകരിക്കാത്ത പക്ഷം ഇവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവു രേഖകൾ കൃത്യമായി ലഭ്യമാക്കാത്തതിനാലും മേൽ അപാകതകളുടെ അടിസ്ഥാനത്തിലും പ്രസ്തുത പദ്ധതിക്കായി വി.ഇഒ ചെലവഴിച്ച 4082200/- തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-16 ലോഗ്ബുക്ക് പരിശോധന അപാകതകൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുളള ഉത്തരവ് പ്രകാരം [സ.ഉ.(എം.എസ്.)നം.170/07/ത.സ്വ.ഭ.വ, തീ. 30.06.2007] ആറ് മാസത്തിൽ ഒരിക്കൽ വാഹനങ്ങളുടെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തേണ്ടതാണ്. എന്നാൽ ലോഗ്ബുക്ക് പരിശോധനയിൽ അപ്രകാരമുള്ള ഒരു രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. സർക്കുലർ നം.41/2008/Fin.02/08/2008 പ്രകാരം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും ഉള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള രേഖപ്പെടുത്തലുകളൊന്നും തന്നെ ലോഗ് ബുക്കിൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29-ന് ലഭ്യമാക്കിയ മറുപടിയിൽ ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടുണ്ടെന്നും വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-17 പൈപ്പ് ലൈൻ നീട്ടൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ലതുക തടസ്സം ചെയ്യുന്നു

പ്രോജക്ട് പേര് - വെള്ളംകുടി (തണ്ണിയം - പനച്ചമൂട്) കോളനി മുളയിൽക്കോണം (ചിറക്കോണം) കോളനിയിലേക്ക്

പൈപ്പ് ലൈൻ നീട്ടൽ

നം. - So180/17

അടങ്കൽ - വികസനഫണ്ട്എസ്.സി.പി( 220800)

Bill No. - SO180/17/SC/18.3.17- 220800/-

മേൽ പ്രസ്താവിച്ചിരിക്കുന്ന പദ്ധതിക്കായി തുക പിൻവലിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ്, എഗ്രിമെൻറ്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസതുത പദ്ധതിയുടെ ചെലവ് തുക 220800/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 തെങ്ങുംകോട് സാംസ്കാരികനിലയം - എസ്.സി യുവതീയുവാക്കൾക്ക് ഹെൽത്ത്ക്ലബ് - സ്പെസിഫിക്കേഷൻ കൂടാതെ ഉപകരണങ്ങൾ വാങ്ങി

പേര് - തെങ്ങുംകോട് സാസ്കാരിക നിലയം -എസ്.സി യുവതീയുവാക്കൾക്ക് ഹെൽത്ത് ക്ലബ്

നം. - SO182/17

അടങ്കൽ - വികസനഫണ്ട്എസ്.സി.പി( 315001)

Bill No - Health club in Thengumcode SC Colony/31.3.17 - 134789/-

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എൽ.എസ്.ജി പ്രോക്യൂർമെൻറ് മാന്വൽ -2016 പ്രകാരം സാധനങ്ങൾ വാങ്ങുന്നത് കൃത്യമായ സ്പെസിഫിക്കേഷൻെറ അടിസ്ഥാനത്തിലായിരിക്കണം. ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങിയതിൽ മേൽ ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ല, പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനത്തിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്പെസിഫിക്കേഷൻ നിഷ്കർഷിക്കാതെയാണ് ടെണ്ടർ ക്ഷണിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിരിക്കുന്നത്. ഭാവിയിൽപദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 9654 |
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 3951 |
| 2016-17സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3158 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |

| | |
|---|---|
| | |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 330 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 330 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 17 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 17 |

## 3-20 ആശ്രയ പദ്ധതി - അവലോകനം

*ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായഅഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനു മായി അടിസ്ഥാന സൗകര്യം നൽകി സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ആശ്രയപദ്ധതിയുടെ 2016-17 വർഷത്തെ കണക്കുകൾ ചുവടെ കൊടുക്കുന്നു.*

| | |
|---|---|
| 2016-17 വരെ ഭവന നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 44 |
| ചെലവഴിച്ച തുക | 1390000 |
| 2016-17 വരെ ഭവന പുനരുദ്ധാരണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |

| | |
|---|---|
| ചെലവഴിച്ച തുക | - |
| 2016-17 വരെ ശുചിത്വ കക്കൂസ് നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |
| ചെലവഴിച്ച തുക | - |
| 2016-17 വരെ കുടിവെള്ള കിണർ നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |
| ചെലവഴിച്ച തുക | - |
| 2016-17 വരെ ചികിത്സാ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 55 |
| പദ്ധതിക്കായി നൽകിയ വികസന ഫണ്ട് | 97695 |
| കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച ചലഞ്ച് ഫണ്ട് | 1000000 |

# 3-21 അംഗൻവാടി പ്രവർത്തനം- അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 28 അങ്കണവാടികളിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു (ICDS സൂപ്പർവൈസറുടെ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയത്.

| ക്രമ നം. | സെന്റർ നം. | അംഗൻ വാടിയുടെ പേര് | കുട്ടി കളുടെ എണ്ണം | കെട്ടിടം (സ്വന്തം/ സൗജന്യം/ വാടക) | കുടിവെള്ള സൗകര്യം (ഉണ്ട് /ഇല്ല) ഉണ്ടെങ്കിൽ കിണർ/ടാപ്പ് കണക്ഷൻ ആണോ എന്നും രേഖ പ്പെടുത്തുക | വൈദ്യുതി (ഉണ്ട്/ ഇല്ല) | ഗ്യാസ് (ഉണ്ട്/ ഇല്ല) | ചുറ്റമ തിൽ (ഉണ്ട്/ ഇല്ല) | 2016-17 -ൽ ഫിറ്റ്നസ് സർട്ടി ഫിക്കറ്റ് ലഭിച്ചി ട്ടുണ്ടോ (ഉണ്ട്/ ഇല്ല) |
|---|---|---|---|---|---|---|---|---|---|
| 1 | 100 | മുണ്ടോണിക്കര | 8 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 2 | 101 | വളകുഴിപച്ച | 9 | വാടക | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 3 | 102 | പാറമുകൾ | 10 | സ്വന്തം | കുഴൽക്കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 4 | 103 | എകെജി കോളനി | 4 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5 | 104 | പാട്ടറ | 8 | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 | 105 | പാൽകുളം | 4 | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7 | 106 | കുറുമ്പയം | 7 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 8 | 107 | കഴുകൻപച്ച | 6 | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 9 | 108 | കെ.റ്റി.കുന്ന് | 6 | സ്വന്തം | കുഴൽക്കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 10 | 109 | പെരുമ്പോലി | 11 | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | 110 | തെങ്ങും കോട് | 7 | സ്വന്തം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 12 | 111 | നെടുന്തേരി | 4 | വാടക | കുഴൽക്കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 13 | 112 | ചെറുവാളം | 5 | വാടക | പൈപ്പ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 14 | 113 | ചന്തത്തടം | 7 | സ്വന്തം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 15 | 114 | പരപ്പിൽ | 14 | സ്വന്തം | ടാപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 16 | 115 | കല്ലുവരമ്പ് | 5 | സ്വന്തം | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 17 | 116 | നാണംകോട് | 6 | സ്വന്തം | പൈപ്പ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 18 | 117 | മുതുവിള | 12 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 19 | 118 | ചരുതുംമൂട് | 3 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 20 | 119 | കുറിഞ്ചിലക്കാട് | 11 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 21 | 120 | നീറുമൺ കടവ് | 5 | സ്വന്തം | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 22 | 121 | പ്ലാക്കോട് | 7 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 23 | 122 | മുളയിൽ ക്കോണം | 5 | സ്വന്തം | പൈപ്പ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 24 | 123 | മിതുമല | 6 | സ്വന്തം | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 25 | 124 | വെട്ടുവിള | 13 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 26 | 125 | തുമ്പോട് | 12 | വാടക | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 27 | 126 | കോട്ടൂർ | 10 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 28 | 127 | പഴയചന്ത | 10 | സ്വന്തം | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |

ഗ്രാമപഞ്ചായത്തിൽ ആകെ 28 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 23 എണ്ണത്തിന് സ്വന്തമായി കെട്ടിടമുള്ളവയാണ്. 6 അങ്കണവാടികൾക്കാണ് ചുറ്റുമതിൽ ഉള്ളത്.

ആകെ 25 അങ്കണവാടികളിലാണ് കുടിവെള്ള ലഭ്യതയുള്ളത്. വൈദ്യുതീകരിച്ച അങ്കണവാടികളുടെ എണ്ണം 20 ആണ്. സർക്കാർ ഉത്തരവ്നം.39033/ഡി.2/2010 തസ്വഭവ. 03.09.10 പ്രകാരം പൂരക പോഷകാഹാര പരിപാടി ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ അവശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മുൻഗണന നൽകേണ്ടതാണ്. ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അക്കൗണ്ടിൽ 711866/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക മേൽ സർക്കാർ ഉത്തരവ് പ്രകാരം അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കേണ്ടതാണ്.

## 3-22 പശ്ചിമ ഘട്ട വികസന പദ്ധതി പൂർത്തിയാക്കണം

2013-14 സാമ്പത്തിക വർഷത്തിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന് ജി.ഒ(എം.എസ്)നം.5/14/plg/30.01.14-ലെ ഉത്തരവ് പ്രകാരം ആട്ടുവളർത്തൽ (ജനറൽ) 1125000/-രൂപയും എസ്.സി- 375000/-രൂപയും കീഴാർ നടപ്പാലം നിർമ്മാണത്തിന് 20000/-രൂപയുടെ അലോട്ട്മെന്റും ഭരണാനുമതിയും ലഭിച്ചു. (AS No.1024/ 2013-14/DPO /WGDP/Tvpm/29.03.14) പ്രോജക്ടിന്റെ മാർഗ്ഗരേഖയിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനീയിരിക്കണമെന്നും തദ്ദേശ ഭരണ സ്ഥാപന പ്രസിഡന്റിന്റേയും കൃഷി ഓഫീസറുടേയും സംയുക്ത അക്കൗണ്ട് വഴി പണമിടപാടുകൾ നടത്തണമെന്നും നിഷ്കർച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് സർക്കാരിന്റെ പ്രത്യേക അനുമതിയോടെ സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി മാറ്റുകയും ജോയിന്റ് അക്കൗണ്ട് സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ ആരംഭിച്ച് പ്രവൃത്തി തുടങ്ങുകയും ചെയ്തു. നാളിതുവരെ പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനു കഴിഞ്ഞിട്ടില്ല. ഈ ഇനത്തിൽ 1236533/- രൂപ ഇതിനായുള്ള ജോയിന്റ് അക്കൗണ്ടിൽ നിലനിൽക്കുന്നു. 09.03.2016-ലെ നം.1564/2015-16/WGDP/DPO/ Tvpm നമ്പർ കത്ത് പ്രകാരം ഈ പദ്ധതിയുടെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക Joint Director, Western Ghat Cell എന്ന ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഫണ്ട് തിരിച്ചടയ്ക്കുകയോ പ്രവൃത്തി പൂർത്തിയാ ക്കുകയോ ചെയ്തിട്ടില്ല. അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുകയോ സർക്കാരിന്റെ മേൽ നിർദ്ദേശം പാലിക്കുകയോ ചെയ്യേണ്ടതാണ്.

## 3-23 പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം - അവലോകനം

### സുലേഖ പ്ലാൻ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ ആഫീസുകളിൽ നിന്നും റിപ്പോർട്ടുകൾ ആവശ്യപ്പെടുമ്പോൾ അവ സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സമയബന്ധിതമായി മാനുവൽ തയ്യാറാക്കുവാൻ കഴിയുന്നില്ല.

### സേവന സിവിൽ രജിസ്ട്രേഷൻ

സിവിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മറ്റു ആഫീസുകളിൽ നിന്നും ലഭിക്കേണ്ട ഉത്തരവുകൾ

തപാൽ മാർഗ്ഗം നടക്കുന്നതിനാൽ കാലതാമസം ഉണ്ടാകുന്നു. ഇത് കമ്പ്യൂട്ടർ വൽക്കരിച്ചിട്ടില്ല.

*സേവന പെൻഷൻ*

<u>സചിത്ര</u>

ആസ്തി സൃഷ്ടിക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്ന പ്രോജക്ടുകൾ സുലേഖയിൽ എന്റർചെയ്ത് പൂർത്തിയാക്കുമ്പോൾ സചിത്ര വാലിഡേഷൻ കൂടി ചെക്കുചെയ്യാനുള്ള സംവിധാനം ഇല്ല.

<u>സാംഖ്യ</u>

അലോട്ട്മെന്റ് എടുക്കുമ്പോൾ പ്രോജക്ട് നമ്പർ മറ്റ് വിശദാംശങ്ങൾ എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

## 3-24 ബഡ്ജറ്റിനെ അധികരിച്ച് ചെലവ് ചെയ്തിരിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(6) പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിനു വേണ്ടിയോ ചെലവാക്കാൻ പാടില്ലാത്തതാണ്. എന്നാൽ ബഡ്ജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ ബഡ്ജറ്റിനെ അധികരിച്ച് ചെലവ് ചെയ്തതായി കാണുന്നു.

ഉദാ:-

1. ബഡ്ജറ്റിലെ 253 project not included in sector Division 2531001, ബഡ്ജറ്റ് പ്രകാരം 1880500/-രൂപ. എന്നാൽ AFS പ്രകാരം ചെലവ് 2024100/-രൂപ.
2. Payment to IKM ബഡ്ജറ്റ് പ്രകാരം 200000/-രൂപ AFS പ്രകാരം 2024100/-രൂപ.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 41-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-25 എസ്.സി പ്രോജക്ട് പൊതുവിഭാഗത്തിൽ നടപ്പിലാക്കി

നം. : SO144/14

പേര് : തുമ്പോട് താപസഗിരി പ്രദേശം ശുദ്ധജല വിതരണ പദ്ധതി

ബിൽ നം. : Water connection for Thumpode

Thapasa giri – 709200/22.03.17.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 709200/-

എസ്.സി.പ്രോജക്ടായി വിഭാവനം ചെയ്തിരുന്ന പ്രസ്തുത ഫയലിനോടൊപ്പം ഈ പദ്ധതിയുടെ 50%-ൽ അധികം ഗുണഭോക്താക്കൾ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരാണെന്ന പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയ്ക്ക് പ്രസ്തുത തുക കൈമാറിയിട്ടുണ്ടെങ്കിലും എഗ്രിമെന്റ് വയ്ക്കുകയോ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ

ചെയ്തിട്ടില്ല. എസ്.സി. പ്രോജക്ടായി മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 709200/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 16-17 | 100000 | പാലിയേറ്റീവ് കെയർ | 100000 | - |
| | | 100000 | 196 | 100000 | - |
| | | 12000 | SO66 | 12000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

*ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.*

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.ഡബ്ല്യു.എ | മുണ്ടപ്ലാമൂട് പാലോട്ടുകോണം എസ്.സി കോളനി ശുദ്ധജല വിതരണ പദ്ധതി | 128650 | 128650 | 0 |
| കെ.ഡബ്ല്യു.എ | ചെറുവാളം വാർഡിലെ | 128650 | 128650 | 0 |

| | | | | |
|---|---|---|---|---|
| | കോളനി പ്രദേശം ശുദ്ധജലവിതരണ പദ്ധതി | | | |
| കെ.ഡബ്ല്യൂ.എ | തുമ്പോട് വാർഡ് പട്ടികജാതി കോളനി ശുദ്ധജലവിതരണം | 385950 | 385950 | 0 |
| കെ.ഡബ്ല്യൂ.എ | തുമ്പോട് താപസഗിരി പ്രദേശം ശുദ്ധജല വിതരണ പദ്ധതി | 709200 | 709200 | 0 |
| കെ.ഡബ്ല്യൂ.എ | കോടംപ്ലാച്ചി ചന്തത്തടം കോളനി കുടിവെള്ള പദ്ധതി | 543000 | 543000 | 0 |
| കെ.ഡബ്ല്യൂ.എ | കെ.റ്റി. കുന്ന് വാർഡിലെ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടലും ഹൗസ് കണക്ഷൻ നൽകലും | 128650 | 128650 | 0 |
| കെ.ഡബ്ല്യൂ.എ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ | 2100000 | 2100000 | 0 |
| കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി ലൈൻ എക്സ്റ്റൻഷൻ | 200000 | 200000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന പദ്ധതി | സ.ഉ(സാ)നം 275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 140095500 | 5866308 | 1440997 | - | 4425311 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71572297 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53472193 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15087.57 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10467022 |

*(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.2(1) | - | 9138.57 | ശ്രീ.മനോജ് കുമാർ, അസി.എഞ്ചിനീയർ |
| 3.2(2) | - | 5949.00 | ശ്രീ.മനോജ് കുമാർ, അസി.എഞ്ചിനീയർ |
| ആകെ | - | 15087.57 | |

*<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3.4 | 4344983 | സെക്രട്ടറി ശ്രീ.അഷറഫ്.എം., (അസി.സെക്രട്ടറി.ഇൻചാർജ്) |
| 3.5(1) | 200000 | മെഡിക്കൽ ഓഫീസർ ആയുർവേദം, ഡോ.വിദ്യ |
| 3.5(2) | 245380 | മെഡിക്കൽ ഓഫീസർ ആയുർവേദം, ഡോ.വിദ്യ |
| 3.5(3) | 123276 | മെഡിക്കൽ ഓഫീസർ ആയുർവേദം, ഡോ.വിദ്യ |
| 3.9 | 36940 | എച്ച്.എം., ശ്രീമതി.ആശലത.ഒ.കെ |
| 3.11 | 100000 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഡോ.പത്മകേസരി. |
| 3.12 | 404293 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഡോ.പത്മകേസരി |
| 3.15 | 4082200 | വി.ഇ.ഒ. |
| 3.17 | 220800 | അസി.സെക്രട്ടറി. |
| 3.25 | 709200 | അസി.സെക്രട്ടറി. |
| ആകെ | 10467072 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/സി-163/03 തീയതി 02.07.2014 | 5 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1006/03 തീയതി 02.07.2014 | 5 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/207/(എ)/05 തീയതി 02.07.2014 | 15 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/207(ബി)/05 തീയതി 02.07.2014 | 6 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/863/06 തീയതി 02.07.2014 | 9 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/887/08 തീയതി 02.07.2014 | 17 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1008/08 തീയതി 02.07.2014 | 28 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/547/11 തീയതി 02.07.2014 | 9 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/548/11 തീയതി 02.07.2014 | 11 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/871/12 തീയതി 02.07.2014 | 12 | |

| | | | |
|---|---|---|---|
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/872/12 തീയതി 10.07.2014 | 27 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/431/15 തീയതി 18.05.2015 | 20 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/2609/14 തീയതി 12.03.2015 | 26 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം..ജി.പി.10/378/16 തീയതി 18.03.2016 | 18 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം..ജി.പി.10/1378/16 തീയതി | 40 | |
| 2015-16 | കെ. എസ്.എ.റ്റി.വി.എം.ജി . പി . 10/2172/2016 | 21 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്.

അനുബന്ധം - 1

ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| 1 | Bill ഷെഡ്യൂൾ പ്രകാരം capital work in progress '0' ആണ്. എന്നാൽ |

| | |
|---|---|
| | അസി.എഞ്ചിനീയർസാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം 374181/- രൂപയുടെ part payment നടത്തിയിട്ടുണ്ട്. |
| 2 | B7 Schedule-Deposits received/Bidders Security deposit രജിസ്റ്റർ പ്രകാരം 33520/-ആണ്. എന്നാൽ AFS-ൽ ആയത് 33523/- ആണ്. 3 രൂപയുടെ വ്യത്യാസം കാണുന്നു. |
| 3 | B9 Schedule Advance collection of Revenue - Market receipts 156912/- ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 154912/- ആണ്. 2000/- രൂപയുടെ വ്യത്യാസം കാണുന്നു. |
| 4 | B15 Schedule Receivables towards Martket receipts (arrears) 433144/- ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം 433334/- ആണ്. 190/-രൂപയുടെ വ്യത്യാസം കാണുന്നു. |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല |
| 6 | B4 Schedule-ൽ centrally sponsored scheme - Integrated Child Scheme ICDS - 711866, Animal husbandry Capital - 360000/- Grants, funds & Contributions for specific purposes other that Development fund and state sponsore -135150. Beneficiary contribution - 90805, Other grants funds &contributions for specific purposes - capital 272125 എന്നിങ്ങനെ നീക്കിയിരിപ്പുള്ളതായി കാണുന്നു. മേൽ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. |

| | |
|---|---|
| | |
| 7 | B9 Schedule library cess ഇനത്തിൽ 18167/-രൂപ VAT - 8186/- രൂപ എന്നിങ്ങനെ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുകകൾ അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. |
| 8 | Rent receivables from building (current) രജിസ്റ്റർ പ്രകാരം 138456/- ആണ്. എന്നാൽ AFS പ്രകാരം 141456/-ആണ്. 3000/-രൂപയുടെ വ്യത്യാസം കാണുന്നു. |
| 9 | B-18 Schedule-ൽ Temporary Advance for official purposes – 112260, Advance to implementing officers – 147122, Electricity deposits – 2850 എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. |
| 10 | Receivables towards market receipts (arrears) രജിസ്റ്റർ പ്രകാരം 433334/- ആണ്. എന്നാൽ AFS പ്രകാരം 433144/- ആണ്. വ്യത്യാസം 190/-രൂപ. |
| 11 | B15 Schedule-ൽ State Government cesses/levies in property taxes, contol etc.- 95808/- രൂപ കാണുന്നു. തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. |

| | |
|---|---|
| | |
| 12 | Property tax Residential and Non-residential building I-1 Schedule പ്രകാരം ഡിമാന്റ് 2671901/- ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആയത് 5838433/- ആണ്. വ്യത്യാസം 3166532/-രൂപ. |
| 13 | Property tax Residential and Non-residential Current & arrear collection സഞ്ചയ പ്രകാരം 3487751/-ആണ്. എന്നാൽ AFS – ൽ 3680412/-രൂപയാണ് Collection ആയി കാണുന്നത്. വ്യത്യാസം 192661/- |
| 14 | Rent from buildings I-3 Schedule-ൽ 1446412/- എന്നാൽ രജിസ്റ്റർ പ്രകാരം 1441368/-. വ്യത്യാസം 5044. |
| 15 | മുൻവർഷത്തെ ഓപ്പറേഷണൽ മെയിന്റനൻസ് ചെലവുകൾ തൻവർഷം അക്കൗണ്ട്സിൽ provision കൂടാതെ ചെലവഴിച്ചിരിക്കുന്നു. |
| 16 | I-1 Schedule പ്രകാരം Entertainment tax-4960/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. |
| 17 | Permit fee for construction of buildings-ന്റെ രജിസ്റ്ററിൽ DCB പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

| | |
|---|---|
| | |
| 18 | ജനറൽ പർപ്പസ് ഫണ്ട് ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 8863090/-രൂപയും ബാങ്ക് ബുക്ക്, AFS എന്നിവ പ്രകാരം 9419039/-രൂപയും ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല. |
| 19 | സാക്ഷരതയുടെ ബാങ്ക് പാസ് ബുക്ക് പ്രകാരം വരവ് 22023/-ആണ്. എന്നാൽ AFS പ്രകാരം ആയത് 14941/- ആണ്. വ്യത്യാസം 7082/- |
| 20 | സുലേഖ സോഫ്റ്റ്‌വെയർ പ്രകാരം 36940/- (Bill No.1/16-17.dated: 16.03.17) രൂപ ചെലവ് വന്നിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയറിൽ വരാത്ത ചെലവ് എപ്രകാരമാണ് AFS-ലും ACR-ലും വന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.